മൂപ്പന്മാരുടെയും ഉത്തരവാദിത്തപ്പെട്ടവരുടെയും അന്തർദേശീയ പരിശീലനം

മാർച്ച് 2026

പൊതുവിഷയം:
വചനത്തിന്റെ ശുശ്രൂഷയും
ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടിയുള്ള
ദൈവത്തിന്റെ പകർച്ചയും

ദൂത് എട്ട്

തന്റെ നീതിക്കനുസൃതമായും, തന്റെ വിശുദ്ധിയിലൂടെയും, തന്റെ തേജസ്സിങ്കലേക്കും ത്രിഭാഗീയ മനുഷ്യനിലേക്ക് ജീവനെന്ന നിലയിൽ ത്രിയേക ദൈവത്തിന്റെ പകർച്ച

EM *Hymns*: ML388

തിരുവെഴുത്ത് വായന: റോമ. 1:17; 6:19, 22; 8:2, 6, 10-11, 18, 21; 9:23; 11:36; 12:1-5; 16:27

റോമ. 1:17 അതിൽ വിശ്വാസത്തിൽനിന്ന് വിശ്വാസത്തിലേക്ക് ദൈവത്തിന്റെ നീതി വെളിപ്പെടുന്നു, “എന്നാൽ നീതിമാൻ ജീവൻ പ്രാപിക്കുകയും വിശ്വാസത്താൽ ജീവിക്കുകയും ചെയ്യും” എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

റോമ. 6:19 നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി അധർമത്തിങ്കലേക്കുള്ള അശുദ്ധിക്കും അധർമത്തിനും സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി, വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതിക്ക് സമർപ്പിക്കുവിൻ.

റോമ. 6:22 എന്നാൽ ഇപ്പോൾ, പാപത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവത്തിന് അടിമപ്പെടുകയും ചെയ്തിട്ട്, നിങ്ങൾക്ക് വിശുദ്ധീകരണത്തിങ്കലേക്ക് നിങ്ങളുടെ ഫലം ഉണ്ട്, അവസാനം നിത്യജീവനും ആകുന്നു.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

റോമ. 8:18 എന്തെന്നാൽ നമ്മുടെമേൽ വെളിപ്പെടുവാനിരിക്കുന്ന വരുവാനുള്ള

തേജസ്സിനോടു താരതമ്യം ചെയ്യുവാൻ ഈ കാലത്തുള്ള കഷ്ടങ്ങൾ യോഗ്യമല്ല എന്ന് ഞാൻ നിരൂപിക്കുന്നു.

റോമ. 8:21 അതിന്റെ സ്വന്ത ഹിതത്താലല്ല, അതിനെ കീഴ്പ്പെടുത്തിയവൻ നിമിത്തം വ്യർഥതയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു.

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

റോമ. 11:36 സകലവും അവനിൽനിന്നും അവനിലൂടെയും അവനിലേക്കും ആകുന്നുവല്ലോ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ.

റോമ. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

റോമ. 12:3 ഭാവിക്കേണ്ടതിന് മീതെ തന്നെത്താൻ ഭാവിക്കാതെ, സുബോധമാകുംവണ്ണം, ദൈവം ഓരോരുത്തന് വിശ്വാസത്തിന്റെ അളവ് പകുത്തുനൽകിയിരിക്കുന്നതുപോലെ ഭാവിക്കണമെന്ന് എനിക്ക് നൽകിയിരിക്കുന്ന കൃപയിലൂടെ, നിങ്ങളിൽ ഓരോരുത്തനോടും ഞാൻ പറയുന്നു.

റോമ. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

റോമ. 16:27 ഏകജ്ഞാനിയായ ദൈവത്തിന് യേശു ക്രിസ്തുവിലൂടെ, എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

I. **ദൈവത്തിന്റെ നിത്യവ്യവസ്ഥ എന്നത്, നീതിയുടെയും വിശുദ്ധിയുടെയും തേജസ്സിന്റെയും നഗരമെന്ന നിലയിൽ പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്നതിനായി, സ്ഥലം സഭകളിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യമെന്ന നിലയിൽ ദൈവത്തിന്റെ സംഘാത ആവിഷ്കാരത്തിനായി, ദൈവത്തിന്റെ ദിവ്യ സദ്ഗുണങ്ങളായ നീതിയും, വിശുദ്ധിയും, തേജസ്സും മനുഷ്യന്റെ മാനുഷിക നന്മകളായി തീരത്തക്കവണ്ണം, അവനെത്തന്നെ ജീവന്റെ ആത്മാവിന്റെ പ്രമാണമായി മനുഷ്യനിലേക്ക് പകരുക എന്നതാണ്—ഉല്പ. 2:9; യോഹ. 10:10; 14:6; 1 കൊരി. 15:45; റോമ. 8:2; 2 പത്രൊ. 3:13; വെളി. 21:2, 9-11:**

ഉല്പ. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു.

യോഹ. 10:10 മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു.

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

1 കൊരി. 15:45 അങ്ങനെ, “ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു” എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തുയേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

2 പത്രൊ. 3:13 എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന, പുതിയ ആകാശവും പുതിയ ഭൂമിയും പ്രതീക്ഷിക്കുന്നു.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:9 ഒടുക്കത്തെ ഏഴു ബാധകൾ നിറഞ്ഞ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട്, ഇവിടെ വരിക; കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവതേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടികസ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

A. ദൈവം നാമായിത്തീരുകയും നാം അവനായിത്തീരുകയും ചെയ്യുവോളം, അങ്ങനെ നാമും അവനും ജീവനിലും സ്വഭാവത്തിലും സ്വരൂപത്തിലും പൂർണമായി സമാനരാകുവോളം, അവനെത്തന്നെ നമ്മിലേക്ക് പണിയുക എന്നതാണ് ദൈവത്തിന്റെ ആഗ്രഹം; ഇതാണ് അവന്റെ വ്യവസ്ഥയുടെ കൊടുമുടി—യോഹ. 1:12-13; 2 പത്രൊ. 1:4; 2 കൊരി. 3:18.

യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

B. ജീവനിൽ ദൈവത്തിന്റെ പുനരുൽപാദനവും തനിപ്പകർപ്പും ആകുന്നതിനുവേണ്ടി, ദൈവത്തെ ജീവനായി സ്വീകരിക്കുവാനും ഉൾക്കൊള്ളുവാനുമാണ് ജീവനുള്ള പാത്രമെന്ന നിലയിൽ മനുഷ്യനെ

ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചത്—ഉല്പ. 1:26; 2:7; റോമ. 9:21, 23; 2 കൊരി. 4:7; യോഹ. 12:24.

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

ഉല്പ. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

യോഹ. 12:24 സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു.

II. **ദൈവത്തിന്റെ നീതിയുടെയും വിശുദ്ധിയുടെയും തേജസ്സിന്റെയും ആവശ്യകതകൾ തൃപ്തിപ്പെടുത്തുന്നതിനായി ക്രിസ്തു ക്രൂശിൽ മരിക്കുകയും, നമ്മുടെ നീതിയും വിശുദ്ധിയും തേജസ്സും** ആകുവാൻ **ജീവവൃക്ഷത്തിന്റെ യാഥാർഥ്യമെന്ന നിലയിൽ ജീവൻ പകരുന്ന ആത്മാവായിത്തീരുവാൻ ഉയിർത്തഴുന്നേൽക്കുകയും ചെയ്തു—ഉല്പ. 3:24; 1 കൊരി. 15:45; 1:30; പ്ര.നി. എഫെ. 5:25-27:**

ഉല്പ. 3:24 ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു; ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴികാപ്പാൻ അവൻ ഏദെൻ തോട്ടത്തിന്നു കിഴക്കു കെരൂബുകളെ തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി.

1 കൊരി. 15:45 അങ്ങനെ, “ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു” എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു.

1 കൊരി. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

എഫെ. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ,

എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

എഫെ. 5:27 കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും

നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു.

A. തന്റെ ആവിഷ്കാരത്തിനായി ക്രിസ്തുവിന്റെ ശരീരത്തെ സംരചിക്കുന്നതിന് നമ്മെ ദൈവത്തിന്റെ പുത്രന്മാരും ക്രിസ്തുവിന്റെ അവയവങ്ങളും ആക്കുന്നതിന് ത്രിയേക ദൈവത്തിന്റെ ജീവൻ നമ്മുടെ ത്രിഭാഗീയ ആളത്തത്തിലേക്ക് പകരപ്പെട്ട് നമ്മെ ജീവന്റെ മനുഷ്യരാക്കുന്നു, അങ്ങനെ ദൈവത്തിന്റെ ആരംഭോദ്ദേശ്യം നിറവേറുന്നു—ഉല്പ. 2:7, 9; റോമ. 8:14; 12:5:

ഉല്പ. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

ഉല്പ. 2:9 കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഓരോ വൃക്ഷങ്ങളും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളെപ്പിച്ചു.

റോമ. 8:14 എന്തെന്നാൽ ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരൊക്കെയും, ദൈവത്തിന്റെ പുത്രന്മാർ ആകുന്നു.

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

1. “ജീവന്റെ [യവന. *സോയി*] ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു”—8:2.
2. “ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ [യവന. *സോയി*] ആകുന്നു”—വാ. *10.*
3. “ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും [യവന. *സോയി*] സമാധാനവും ആകുന്നു”—വാ. 6.
4. "യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ [യവന. *സോയി*] നൽകും”—വാ. 11.

B. ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റുമുള്ള മഴവില്ലിന്റെ മൂന്ന് പ്രാഥമിക നിറങ്ങൾ നീലയും (ദൈവത്തിന്റെ നീതിയെ സൂചിപ്പിക്കുന്ന നീലക്കല്ലിന്റെ കാഴ്ചപോലെയുള്ള സിംഹാസനത്തിന്റെ നിറം—യെഹെ. 1:26; സങ്കീ. 89:14), ചുവപ്പും (ദൈവത്തിന്റെ വിശുദ്ധിയെ സൂചിപ്പിക്കുന്ന വിശുദ്ധീകരിക്കുന്ന അഗ്നിയുടെ നിറം—യെഹെ. 1:4, 13, 27; എബ്രാ. 12:29), മഞ്ഞയും (ദൈവത്തിന്റെ തേജസ്സിനെ സൂചിപ്പിക്കുന്ന തിളങ്ങുന്ന ശുക്ലസ്വർണത്തിന്റെ നിറം) ആകുന്നു—യെഹെ. 1:4, 27; എബ്രാ. 1:3).

യെഹെ. 1:26 അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ

മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു.

സങ്കീ. 89:14 നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനമാകുന്നു; ദയയും വിശ്വസ്തതയും നിനക്കു മുമ്പായി നടക്കുന്നു.

യെഹെ. 1:4 ഞാൻ നോക്കിയപ്പോൾ വടക്കുനിന്നു ഒരു കൊടുങ്കാറ്റും വലിയോരു മേഘവും പാളിക്കത്തുന്ന തീയും വരുന്നതു കണ്ടു; അതിന്റെ ചുറ്റും ഒരു പ്രകാശവും അതിന്റെ നടുവിൽനിന്നു, തീയുടെ നടുവിൽനിന്നു തന്നേ, ശുക്ലസ്വർണ്ണംപോലെ ഒരു കാഴ്ചയും ഉണ്ടായിരുന്നു.

യെഹെ. 1:13 ജീവികളുടെ നടുവിൽ കത്തിക്കൊണ്ടിരിക്കുന്ന തീക്കനൽപോലെയും പന്തങ്ങൾ പോലെയും ഒരു കാഴ്ച ഉണ്ടായിരുന്നു; അതു ജീവികളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരുന്നു; ആ തീ തേജസ്സുള്ളതായിരുന്നു. തീയിൽനിന്നു മിന്നൽ പുറപ്പെട്ടുകൊണ്ടിരുന്നു.

യെഹെ. 1:27 അവന്റെ അരമുതൽ മേലോട്ടു അതിന്നകത്തു ചുറ്റും തീക്കൊത്ത ശുക്ലസ്വർണ്ണംപോലെ ഞാൻ കണ്ടു; അവന്റെ അരമുതൽ കീഴോട്ടു തീ പോലെ ഞാൻ കണ്ടു; അതിന്റെ ചുറ്റും പ്രകാശവും ഉണ്ടായിരുന്നു.

എബ്രാ. 12:29 നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയുമല്ലോ.

എബ്രാ. 1:3 അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു;

C. ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റുമുള്ള മഴവില്ല് ദൈവം ഉടമ്പടി ചെയ്യുന്ന ദൈവമാണെന്നും വിശ്വസ്തനായ ദൈവമാണെന്നും സൂചിപ്പിക്കുന്നു, അവൻ ഭൂമിയുടെമേൽ തന്റെ ന്യായവിധി നടപ്പാക്കിക്കൊണ്ടിരിക്കവേ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരെ പുതിയ യെരൂശലേം ആക്കുന്നതിന് അവരിലേക്ക് ജീവന്റെ പുതുമ പകരുന്നതായ തന്റെ പുതിയ ഉടമ്പടി പാലിക്കും—ഉല്പ. 9:8-17; വെളി. 4:3; 21:2; റോമ. 6:4; യെഹെ. 1:26-28; 36:26-27:

ഉല്പ. 9:8 ദൈവം പിന്നെയും നോഹയോടും അവന്റെ പുത്രന്മാരോടും അരുളിച്ചെയ്തതു:

ഉല്പ. 9:9 ഞാൻ, ഇതാ, നിങ്ങളോടും നിങ്ങളുടെ സന്തതിയോടും

ഉല്പ. 9:10 ഭൂമിയിൽ നിങ്ങളോടുകൂടെ ഉള്ള പക്ഷികളും കന്നുകാലികളും കാട്ടുമൃഗങ്ങളുമായ സകലജീവജന്തുക്കളോടും പെട്ടകത്തിൽനിന്നു പുറപ്പെട്ട സകലവുമായി ഭൂമിയിലെ സകലമൃഗങ്ങളോടും ഒരു നിയമം ചെയ്യുന്നു.

ഉല്പ. 9:11 ഇനി സകലജഡവും ജലപ്രളയത്താൽ നശിക്കയില്ല; ഭൂമിയെ നശിപ്പിപ്പാൻ ഇനി ജലപ്രളയം ഉണ്ടാകയുമില്ല എന്നു ഞാൻ നിങ്ങളോടു ഒരു നിയമം ചെയ്യുന്നു.

ഉല്പ. 9:12 പിന്നെയും ദൈവം അരുളിച്ചെയ്തതു: ഞാനും നിങ്ങളും നിങ്ങളോടുകൂടെ ഉള്ള സകലജീവജന്തുക്കളും തമ്മിൽ തലമുറതലമുറയോളം സദാകാലത്തേക്കും ചെയ്യുന്ന നിയമത്തിന്റെ അടയാളം ആവിതു:

ഉല്പ. 9:13 ഞാൻ എന്റെ വില്ലു മേഘത്തിൽ വെക്കുന്നു; അതു ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിന്നു അടയാളമായിരിക്കും.

ഉല്പ. 9:14 ഞാൻ ഭൂമിയുടെ മീതെ മേഘം വരുത്തുമ്പോൾ മേഘത്തിൽ വില്ലു കാണും.

ഉല്പ. 9:15 അപ്പോൾ ഞാനും നിങ്ങളും സർവ്വജഡവുമായ സകലജീവജന്തുക്കളും തമ്മിലുള്ള എന്റെ നിയമം ഞാൻ ഓർക്കും; ഇനി സകലജഡത്തെയും നശിപ്പിപ്പാൻ വെള്ളം ഒരു പ്രളയമായി തീരുകയുമില്ല.

ഉല്പ. 9:16 വില്ലു മേഘത്തിൽ ഉണ്ടാകും; ദൈവവും ഭൂമിയിലെ സർവ്വജഡവുമായ സകലജീവികളും തമ്മിൽ എന്നേക്കുമുള്ള നിയമം ഓർക്കേണ്ടതിന്നു ഞാൻ അതിനെ നോക്കും.

ഉല്പ. 9:17 ഞാൻ ഭൂമിയിലുള്ള സർവ്വജഡത്തോടും ചെയ്തിരിക്കുന്ന നിയമത്തിന്നു ഇതു അടയാളം എന്നും ദൈവം നോഹയോടു അരുളിച്ചെയ്തു.

വെളി. 4:3 ഇരിക്കുന്നവൻ കാഴ്ച്ചയ്ക്കു സൂര്യകാന്തത്തോടും പത്മരാഗത്തോടും സദൃശൻ, സിംഹാസനത്തിനു ചുറ്റും കാഴ്ച്ചയ്ക്കു മരതകത്തോട് സദൃശമായ ഒരു മഴവില്ലും ഉണ്ടായിരുന്നു.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

യെഹെ. 1:26 അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു.

യെഹെ. 1:27 അവന്റെ അരമുതൽ മേലോട്ടു അതിന്നകത്തു ചുറ്റും തീക്കൊത്ത ശുക്ലസ്വർണ്ണംപോലെ ഞാൻ കണ്ടു; അവന്റെ അരമുതൽ കീഴോട്ടു തീ പോലെ ഞാൻ കണ്ടു; അതിന്റെ ചുറ്റും പ്രകാശവും ഉണ്ടായിരുന്നു.

യെഹെ. 1:28 അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു. യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടതു; അതു കണ്ടിട്ടു ഞാൻ കവിണ്ണുവീണു; സംസാരിക്കുന്ന ഒരുത്തന്റെ ശബ്ദവും ഞാൻ കേട്ടു.

യെഹെ. 36:26 ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയം തരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽനിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും.

യെഹെ. 36:27 ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും.

1. മരണത്തിന്റെ ന്യായവിധി ഇനി ഉണ്ടാകുകയില്ലെന്ന തന്റെ ഉടമ്പടി കാക്കുന്നതിൽ ദൈവത്തിന്റെ വിശ്വസ്തതയുടെ അടയാളമാണ് മഴവില്ല്; നാം പുതിയ ഉടമ്പടിക്കു കീഴിൽ ജീവിക്കുകയും ഏതെങ്കിലും പരാജയത്തിലോ, ബലഹീനതയിലോ, ഇരുട്ടിലോ, പ്രതിലോമ കാര്യത്തിലോ വിശ്വസിക്കാതിരിക്കുകയും വേണം; ഏതു സാഹചര്യത്തെയും നേരിടുവാൻ കഴിയുന്നതിന് ഒരു വാഗ്ദത്ത വചനമുള്ള ഉടമ്പടി ചെയ്യപ്പെട്ട ജനമാണ് നാം—വിലാ. 3:22-23; റോമ. 8:1; 2 കൊരി. 12:9; 2 തിമൊ. 1:10; 2:1; യൂദാ 24; 1 യോഹ. 1:9; 1 കൊരി. 1:9.

വിലാ. 3:22	നാം മുടിഞ്ഞുപോകാതിരിക്കുന്നതു യഹോവയുടെ ദയ ആകുന്നു; അവന്റെ കരുണ തീർന്നു പോയിട്ടില്ലല്ലോ;
വിലാ. 3:23	അതു രാവിലെതോറും പുതിയതും നിന്റെ വിശ്വസ്ഥത വലിയതും ആകുന്നു.
റോമ. 8:1	അതുകൊണ്ട് ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്ക് ഒരു ശിക്ഷാ വിധിയും ഇല്ല.
2 കൊരി. 12:9	അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.
2 തിമൊ. 1:10	എന്നാൽ ഇപ്പോൾ നമ്മുടെ രക്ഷകനായ ക്രിസ്തു യേശുവിന്റെ പ്രത്യക്ഷതയിലൂടെ വെളിവായിരിക്കുന്നു, അവൻ മരണത്തെ ഇല്ലാതാക്കുകയും സുവിശേഷത്തിലൂടെ ജീവനെയും അദ്രവത്വത്തെയും വെളിച്ചത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു,
2 തിമൊ. 2:1	അതുകൊണ്ട് എന്റെ മകനേ, നീ ക്രിസ്തു യേശുവിലുള്ള കൃപയിൽ ശക്തിപ്പെടുക;
യൂദാ. 1:24	എന്നാൽ ഇടറിപ്പോകാതവണ്ണം നിങ്ങളെ സൂക്ഷിക്കുവാനും, അവന്റെ തേജസ്സിനു മുമ്പാകെ കളങ്കമില്ലാതെ, ഉല്ലാസത്തിൽ നിർത്തുവാനും കഴിയുന്നവന്,
1 യോഹ. 1:9	നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.
1 കൊരി. 1:9	തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

2. സഭാ ജീവിതത്തിൽ നമുക്ക് ഉറപ്പും സമാധാനവും ഉള്ളവരാകാം, കാരണം ഇനിമേൽ മരണമില്ല; "ഇനി ഇല്ല" എന്ന് നാം എത്രയധികം പറയുമോ അത്രയധികം നമുക്ക് മരണമില്ലെന്നും പരാജയമില്ലെന്നും ബലഹീനതയില്ലെന്നും ഇരുട്ടില്ലെന്നും നാം മനസ്സിലാക്കും, കാരണം നാം ജീവിക്കുന്നത് നമ്മുടെ വികാരങ്ങൾക്കോ നമ്മുടെ

ചിന്താഗതികൾക്കോ പരിസ്ഥിതിക്കോ കീഴിലല്ല, ദൈവത്തിന്റെ ഉടമ്പടിയുടെ കീഴിലാണ്.

3. ദൈവത്തിന്റെ ഉടമ്പടിയിലെ അതിമഹത്തരവും വിലയേറിയതുമായ വാഗ്ദാനങ്ങളാൽ നാം സുരക്ഷിതരും ഉറപ്പുള്ളവരും സംരക്ഷിക്കപ്പെട്ടവരുമാണ് (2 പത്രൊ. 1:4); ആകാശം മേഘാവൃതമാകുമ്പോഴെല്ലാം ദൈവത്തിന്റെ വിശ്വസ്തതയോട് വരുവാനായി നാം വിളിക്കണമെന്ന് ദൈവത്തിന്റെ ഉടമ്പടി പ്രഖ്യാപിക്കുന്നു, അത് അർഥമാക്കുന്നത് നാം "മഴവില്ലിനെ വിളിച്ചു വരുത്തുന്നു" എന്നാണ്.

   2 പത്രൊ. 1:4 അവയിലൂടെ അവൻ നമുക്ക് വിലയേറിയതും അതിമഹത്തരവുമായ വാഗ്ദത്തങ്ങൾ നൽകിയിരിക്കുന്നു, ഇവയാൽ നിങ്ങൾ, ലോകത്തിൽ മോഹത്താലുള്ള ദൂഷ്യത്തിൽനിന്ന് രക്ഷപ്പെട്ട്, ദിവ്യസ്വഭാവത്തിന്റെ പങ്കാളികളായിത്തീരേണ്ടതിനു തന്നെ.

4. ദൈവം തന്റെ വചനത്തോട് വിശ്വസ്തനാണ്, അവന്റെ വചനം ഒരു നിയമമാണ്, ഒരു ഉടമ്പടിയാണ് (1 കൊരി. 1:9; 1 യോഹ. 1:9); സഭാജനം ഉടമ്പടിക്കു കീഴിലുള്ള ഒരു ജനമാണ്; അതിനാൽ, നമ്മെ യഥാർഥത്തിൽ “ഉടമ്പടിയുടെ സഭ” എന്ന് വിളിക്കാം.

   1 കൊരി. 1:9 തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ.

   1 യോഹ. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

D. ഈ മഴവില്ലിന്റെ ആത്മിക യാഥാർഥ്യം ഇന്ന് സഭയിൽ പ്രകടമാകണം; സംഘാത ക്രിസ്തു എന്ന നിലയിൽ നമ്മുടെ ഏകോപനത്തിലൂടെ, ദൈവത്തിന്റെ ശോഭയുള്ള തേജസ്സിന്റെ ആവിഷ്കാരത്തിനായി വിശുദ്ധീകരിക്കുന്ന അഗ്നിയെന്ന നിലയിൽ നമ്മിൽ വേലചെയ്യുവാനുള്ള പൂർണ അവസരം നൽകിക്കൊണ്ട്, അവന്റെ നീതിയുള്ള സാന്നിധ്യംകൊണ്ട് നമ്മെ നിറയ്ക്കുവാൻ നാം ദൈവത്തെ അനുവദിക്കേണ്ടതുണ്ട്—യെഹെ. 1:5-14, 26-28.

   യെഹെ. 1:5 അതിന്റെ നടുവിൽ നാലു ജീവികളുടെ സാദൃശ്യം കണ്ടു; അവയുടെ രൂപമോ: അവെക്കു മനുഷ്യസാദൃശ്യം ഉണ്ടായിരുന്നു.

   യെഹെ. 1:6 ഓരോന്നിന്നു നന്നാലു മുഖവും നന്നാലു ചിറകും ഉണ്ടായിരുന്നു.

   യെഹെ. 1:7 അവയുടെ കാൽ ചൊവ്വുള്ളതും കാലടി കാളക്കിടാവിന്റെ കുളമ്പുപോലെയും ആയിരുന്നു; മിനുക്കിയ താമ്രംപോലെ അവ മിന്നിക്കൊണ്ടിരുന്നു.

   യെഹെ. 1:8 അവെക്കു നാലു ഭാഗത്തും ചിറകിന്റെ കീഴായി മനുഷ്യക്കൈ ഉണ്ടായിരുന്നു; നാലിന്നും മുഖങ്ങളും ചിറകുകളും ഇങ്ങനെ ആയിരുന്നു.

യെഹെ. 1:9 അവയുടെ ചിറകുകൾ ഒന്നോടൊന്നു തൊട്ടിരുന്നു; പോകുമ്പോൾ അവ തിരിയാതെ ഓരോന്നും നേരെ മുമ്പോട്ടു പോകും.

യെഹെ. 1:10 അവയുടെ മുഖരൂപമോ: അവെക്കു മനുഷ്യമുഖം ഉണ്ടായിരുന്നു; നാലിന്നും വലത്തുഭാഗത്തു സിംഹമുഖവും ഇടത്തുഭാഗത്തു കാളമുഖവും ഉണ്ടായിരുന്നു; നാലിന്നും കഴുകുമുഖവും ഉണ്ടായിരുന്നു.

യെഹെ. 1:11 ഇങ്ങനെയായിരുന്നു അവയുടെ മുഖങ്ങൾ; അവയുടെ ചിറകുകൾ മേൽഭാഗം വിടർന്നിരുന്നു; ഈരണ്ടു ചിറകു തമ്മിൽ തൊട്ടും ഈരണ്ടു ചിറകുകൊണ്ടു ശരീരം മറെച്ചും ഇരുന്നു.

യെഹെ. 1:12 അവ ഓരോന്നും നേരെ മുമ്പോട്ടു പോകും; പോകുമ്പോൾ അവ തിരിയാതെ ആത്മാവിന്നു പോകേണ്ടിയ ഇടത്തേക്കു തന്നേ പോകും.

യെഹെ. 1:13 ജീവികളുടെ നടുവിൽ കത്തിക്കൊണ്ടിരിക്കുന്ന തീക്കനൽപോലെയും പന്തങ്ങൾ പോലെയും ഒരു കാഴ്ച ഉണ്ടായിരുന്നു; അതു ജീവികളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരുന്നു; ആ തീ തേജസ്സുള്ളതായിരുന്നു. തീയിൽനിന്നു മിന്നൽ പുറപ്പെട്ടുകൊണ്ടിരുന്നു.

യെഹെ. 1:14 ജീവികൾ മിന്നൽപോലെ അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കൊണ്ടിരുന്നു.

യെഹെ. 1:26 അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു.

യെഹെ. 1:27 അവന്റെ അരമുതൽ മേലോട്ടു അതിന്നകത്തു ചുറ്റും തീക്കൊത്ത ശുക്ലസ്വർണ്ണംപോലെ ഞാൻ കണ്ടു; അവന്റെ അരമുതൽ കീഴോട്ടു തീ പോലെ ഞാൻ കണ്ടു; അതിന്റെ ചുറ്റും പ്രകാശവും ഉണ്ടായിരുന്നു.

യെഹെ. 1:28 അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു. യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടതു; അതു കണ്ടിട്ടു ഞാൻ കവിണ്ണുവീണു; സംസാരിക്കുന്ന ഒരുത്തന്റെ ശബ്ദവും ഞാൻ കേട്ടു.

E. നീതിയുടെയും വിശുദ്ധിയുടെയും തേജസ്സിന്റെയും മഴവില്ലിനാൽ സൂചിപ്പിക്കപ്പെടുന്ന ക്രിസ്തു തന്നെയാണ്, തന്റെ ജനത്തിന് അവരുടെ "ക്രിസ്തുവൽക്കരണത്തിനായി" ദൈവം നൽകിയ ഉടമ്പടി, അത് ദൈവത്വത്തിലല്ല, ജീവനിലും സ്വഭാവത്തിലും ആവിഷ്കാരത്തിലും അവരെ അവനെപോലെതന്നെ ആക്കുന്നതിനാണ്—യെശ. 42:6; എബ്രാ. 8:10-12.

യെശ. 42:6 കുരുട്ടുകണ്ണുകളെ തുറപ്പാനും ബദ്ധന്മാരെ കുണ്ടറയിൽനിന്നും അന്ധകാരത്തിൽ ഇരിക്കുന്നവരെ കാരാഗൃഹത്തിൽനിന്നും വിടുവിപ്പാനും

എബ്രാ. 8:10 ആ നാളുകൾക്കുശേഷം യിസ്രായേൽ ഗൃഹത്തോടു ഞാൻ ഉടമ്പടി ചെയ്യുവാൻ പോകുന്ന ഉടമ്പടി ഇതാകുന്നു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു: ഞാൻ എന്റെ പ്രമാണങ്ങളെ അവരുടെ മനസ്സിലേക്കു പകരും, അവരുടെ ഹൃദയങ്ങളിന്മേൽ

ഞാൻ അവയെ കൊത്തിവയ്ക്കും; ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവുമാകും.

എബ്രാ. 8:11 അവരിൽ ആരും ഒരുവിധത്തിലും തന്റെ സഹപൗരനെയും തന്റെ സഹോദരനെയും, കർത്താവിനെ അറിയുവിൻ എന്നു പറഞ്ഞുകൊണ്ട് ഉപദേശിക്കുകയില്ല; അവരുടെ ഇടയിൽ ചെറിയവൻ മുതൽ വലിയവൻ വരെ എല്ലാവരും എന്നെ അറിയും.

എബ്രാ. 8:12 എന്തെന്നാൽ ഞാൻ അവരുടെ അനീതികളോട് അനുനയമുള്ളവനാകും, അവരുടെ പാപങ്ങളെ ഇനിമേൽ ഒരുവിധത്തിലും ഞാൻ ഓർക്കുകയില്ല.”

F. നീതിയായും (നമ്മുടെ ആത്മാവിൽ നാം വീണ്ടും ജനിക്കേണ്ടതിന്), വിശുദ്ധീകരണമായും (നമ്മുടെ ദേഹിയിൽ നാം രൂപാന്തരപ്പെടേണ്ടതിന്), വീണ്ടെടുപ്പായും (നമ്മുടെ ശരീരത്തിൽ നാം തേജസ്കരിക്കപ്പെടേണ്ടതിന്) അവനെത്തന്നെ നമ്മിലേക്ക് പ്രസരണം ചെയ്തുകൊണ്ട് ക്രിസ്തു ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമാണ്—1 കൊരി. 1:30; റോമ. 8:10; 12:2; 8:23; ഫിലി. 3:21.

1 കൊരി. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

റോമ. 8:23 അതു മാത്രമല്ല, ആത്മാവിന്റെ ആദ്യഫലം ഉള്ളവരായ നാമും, നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ, പുത്രത്വത്തെ പ്രതീക്ഷയോടെ കാത്തിരുന്നുകൊണ്ട് നമ്മിൽത്തന്നെ ഞരങ്ങുന്നു.

ഫിലി. 3:21 അവൻ സകലത്തെയും തനിക്കുതന്നെ കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരത്തിനൊത്തവണ്ണം, നമ്മുടെ താഴ്ച്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുമാറ് കായാന്തരപ്പെടുത്തും.

G. ദൈവത്തിന്റെ ബഹുവിധ ജ്ഞാനമായ ക്രിസ്തുവിനെ നമ്മുടെ ആളത്തത്തിലേക്ക് പ്രസരണം ചെയ്യുന്നത്, അവൻ താൻ ആയിക്കുന്നതിന്റെയെല്ലാം ജ്ഞാനസമ്പന്നമായ പ്രദർശനമെന്ന നിലയിൽ, തന്റെ അപരിമേയ ജ്ഞാനത്തെയും ദിവ്യ രൂപകൽപ്പനയെയും ആവിഷ്കരിക്കുന്ന ഒരു കവിതയെന്ന നിലയിൽ, നമ്മെ ത്രിയേക ദൈവത്തിന്റെ ഉൽകൃഷ്ടസൃഷ്ടിയാക്കുന്നു—1 കൊരി. 1:30; എഫെ. 2:10; 3:9-11.

1 കൊരി. 1:30 എന്നാൽ അവനാൽ നിങ്ങൾ ക്രിസ്തു യേശുവിൽ ആകുന്നു, അവൻ ദൈവത്തിൽനിന്ന് നമുക്ക് ജ്ഞാനമായിത്തീർന്നു: നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പും തന്നെ,

എഫെ. 2:10 എന്തെന്നാൽ നാം സൽപ്രവൃത്തികൾക്കായി ക്രിസ്തു യേശുവിൽ സൃഷ്ടിക്കപ്പെട്ട അവന്റെ ഉൽകൃഷ്ടസൃഷ്ടി ആകുന്നു, നാം അവയിൽ നടക്കേണ്ടതിന് ദൈവം അവയെ മുൻകൂട്ടി ഒരുക്കിയിരിക്കുന്നു.

എഫെ. 3:9 സർവവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ ഉടനീളം മറഞ്ഞു കിടന്ന മർമത്തിന്റെ വ്യവസ്ഥ എന്തെന്ന് കാണേണ്ടതിന് എല്ലാവരെയും പ്രകാശിപ്പിക്കുവാനും ഈ കൃപ നൽകപ്പെട്ടു,

എഫെ. 3:10 അത് ഇപ്പോൾ സ്വർഗീയങ്ങളിലെ വാഴ്ചകൾക്കും അധികാരങ്ങൾക്കും,

എഫെ. 3:11 നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ അവൻ ഉണ്ടാക്കിയ നിത്യോദ്ദേശ്യപ്രകാരം, സഭയിലൂടെ ദൈവത്തിന്റെ ബഹുവിധ ജ്ഞാനം അറിവാക്കേണ്ടതിനാകുന്നു,

H. നിത്യതയിൽ, പുതിയ യെരൂശലേം (ഒരു മഴവില്ലിന്റെ ദൃഷ്ടിഭാവമുള്ള അടിസ്ഥാനങ്ങുള്ള ഒരു നഗരം—വെളി. 21:19-20) എന്ന നിലയിൽ, നീതിയിലും വിശുദ്ധിയിലും തേജസ്സിലും അവൻ ആയിരിക്കുന്നതുപോലെ നമ്മെയും ആക്കുന്നതിൽ തന്റെ പുതിയ ഉടമ്പടി നടപ്പിലാക്കുന്നതിന് ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് സാക്ഷ്യം വഹിക്കുന്ന ഒരു മഴവില്ലായിരിക്കും നാം—വാ. 10-11.

വെളി. 21:19 നഗരമതിലിന്റെ അടിസ്ഥാനങ്ങൾ സകല വിലയേറിയ കല്ലിനാലും അലങ്കരിച്ചിരുന്നു: ഒന്നാമത്തെ അടിസ്ഥാനം സൂര്യകാന്തം; രണ്ടാമത്തേത് നീലരത്നം; മൂന്നാമത്തേത് മാണിക്യം; നാലാമത്തേത് മരതകം;

വെളി. 21:20 അഞ്ചാമത്തേത് നഖവർണി; ആറാമത്തേത് പത്മരാഗം; ഏഴാമത്തേത് പീതരത്നം; എട്ടാമത്തേത് ഗോമേദകം; ഒമ്പതാമത്തേത് പുഷ്യരാഗം; പത്താമത്തേത് വൈഡൂര്യം; പതിനൊന്നാമത്തേത് ഇന്ദ്രനീലം; പന്ത്രണ്ടാമത്തേത് സുഗന്ധിരത്നം.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

III. സ്ഥലം സഭകളിലൂടെ ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യം ഉണ്ടായിരിക്കുന്നതിന് നമ്മെ ദൈവത്തിന്റെ ഹൃദയത്തിലേക്ക് കൊണ്ടുവരുന്നതിന് ഓരോ സഭയിലും ദൈവത്തിന്റെ നീതിയുടെ അടിസ്ഥാനവും (ദൈവത്തിന്റെ നടപടിക്രമം), ദൈവത്തിന്റെ വിശുദ്ധിയുടെ പ്രക്രിയയും (ദൈവത്തിന്റെ സ്വഭാവം), ദൈവത്തിന്റെ തേജസ്സ് എന്ന ലക്ഷ്യവും (ദൈവത്തിന്റെ ആവിഷ്കാരം) ഉണ്ടായിരിക്കണമെന്ന് റോമർക്ക് എഴുതിയ ലേഖനം വെളിപ്പെടുത്തുന്നു—1:17; 8:10; 6:19, 22; 8:18, 21; 9:23; 11:36—12:5; 16:27:

റോമ. 1:17 അതിൽ വിശ്വാസത്തിൽനിന്ന് വിശ്വാസത്തിലേക്ക് ദൈവത്തിന്റെ നീതി വെളിപ്പെടുന്നു, “എന്നാൽ നീതിമാൻ ജീവൻ പ്രാപിക്കുകയും വിശ്വാസത്താൽ ജീവിക്കുകയും ചെയ്യും” എന്ന്

എഴുതിയിരിക്കുന്നതുപോലെ തന്നെ.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 6:19 നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി അധർമത്തിങ്കലേക്കുള്ള അശുദ്ധിക്കും അധർമത്തിനും സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി, വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതിക്ക് സമർപ്പിക്കുവിൻ.

റോമ. 6:22 എന്നാൽ ഇപ്പോൾ, പാപത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവത്തിന് അടിമപ്പെടുകയും ചെയ്തിട്ട്, നിങ്ങൾക്ക് വിശുദ്ധീകരണത്തിങ്കലേക്ക് നിങ്ങളുടെ ഫലം ഉണ്ട്, അവസാനം നിത്യജീവനും ആകുന്നു.

റോമ. 8:18 എന്തെന്നാൽ നമ്മുടെമേൽ വെളിപ്പെടുവാനിരിക്കുന്ന വരുവാനുള്ള തേജസ്സിനോടു താരതമ്യം ചെയ്യുവാൻ ഈ കാലത്തുള്ള കഷ്ടങ്ങൾ യോഗ്യമല്ല എന്ന് ഞാൻ നിരൂപിക്കുന്നു.

റോമ. 8:21 അതിന്റെ സ്വന്ത ഹിതത്താലല്ല, അതിനെ കീഴ്പ്പെടുത്തിയവൻ നിമിത്തം വ്യർഥതയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു.

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

റോമ. 11:36 സകലവും അവനിൽനിന്നും അവനിലൂടെയും അവനിലേക്കും ആകുന്നുവല്ലോ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ.

റോമ. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

റോമ. 12:3 ഭാവിക്കേണ്ടതിന് മീതെ തന്നെത്താൻ ഭാവിക്കാതെ, സുബോധമാകുംവണ്ണം, ദൈവം ഓരോരുത്തന് വിശ്വാസത്തിന്റെ അളവ് പകുത്തുനൽകിയിരിക്കുന്നതുപോലെ ഭാവിക്കണമെന്ന് എനിക്ക് നൽകിയിരിക്കുന്ന കൃപയിലൂടെ, നിങ്ങളിൽ ഓരോരുത്തനോടും ഞാൻ പറയുന്നു.

റോമ. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

റോമ. 16:27 ഏകജ്ഞാനിയായ ദൈവത്തിന് യേശു ക്രിസ്തുവിലൂടെ, എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

A. നീതി (3:21—5:;11), വിശുദ്ധി (വാ. 12—8:13), തേജസ്സ് (വാ. 14-39) എന്നീ അടിസ്ഥാന ഘടനയോടുകൂടെ സഭാജീവിതത്തിൽ യാഥാർഥ്യവൽക്കരിക്കപ്പെട്ട ശരീരജീവിതമെന്ന നിലയിൽ റോമർക്ക് എഴുതിയ ലേഖനം ദൈവത്തിന്റെ കൂടാരത്തെ വെളിപ്പെടുത്തുന്നു:

Rom 12~16 be omitted.
Rom 3:21~8:13 be omitted.

1. ക്രിസ്തുവിന്റെ വീണ്ടെടുപ്പിലൂടെയുള്ള നീതീകരണം പുറത്തെ പ്രാകാരത്തിലും, വിശുദ്ധീകരണം വിശുദ്ധ സ്ഥലത്തും, തേജസ്കരണം അതിവിശുദ്ധ സ്ഥലത്തും ആണ്.
2. സഭാജീവിതം എന്നത് തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനവുമായി ഇഴുകിച്ചേർന്ന ത്രിയേക ദൈവമാണ്, അവർ നീതീകരിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും തേജസ്കരിക്കപ്പെടുകയും ദൈവത്തിന്റെ ആത്യന്തിക കൂടാരമായ പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുവാൻ സ്ഥലം സഭകളിൽ ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യമായ കൂടാരമാകുവാൻ ചേർത്ത് പണിയപ്പെടുകയും ചെയ്തവരാണ്—വെളി. 21:3.

   വെളി. 21:3 സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും.

3. ത്രിയേക ദൈവത്തിന്റെ പകർച്ച അവന്റെ നീതിക്കനുസൃതമായും, അവന്റെ വിശുദ്ധിയിലൂടെയും, അവന്റെ തേജസ്സിങ്കലേക്കുമാണ്; ജീവനെന്ന നിലയിൽ ത്രിയേക ദൈവത്തിന്റെ പകർച്ചയുടെ ആത്യന്തിക ലക്ഷ്യം, ക്രിസ്തുവിന്റെ ശരീരമായ സഭയിലും സഭയിലൂടെയും ദൈവത്തിന്റെ ആവിഷ്കാരമായ തേജസ്സാണ്—റോമ. 5:17; 6:19-23; 8:18, 21; 16:27; എഫെ. 3:16-21.

   റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

   റോമ. 6:19 നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി അധർമത്തിങ്കലേക്കുള്ള അശുദ്ധിക്കും അധർമത്തിനും സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി, വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതിക്ക് സമർപ്പിക്കുവിൻ.

   റോമ. 6:20 നിങ്ങൾ പാപത്തിന് അടിമകൾ ആയിരുന്നപ്പോൾ, നീതി സംബന്ധിച്ച് സ്വതന്ത്രരായിരുന്നു.

   റോമ. 6:21 അപ്പോൾ ആ സമയത്ത് നിങ്ങൾക്ക് എന്ത് ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾ ലജ്ജിക്കുന്ന കാര്യങ്ങൾ തന്നെ, എന്തെന്നാൽ അവയുടെ അവസാനം മരണമാകുന്നു.

   റോമ. 6:22 എന്നാൽ ഇപ്പോൾ, പാപത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവത്തിന്

അടിമപ്പെടുകയും ചെയ്തിട്ട്, നിങ്ങൾക്ക് വിശുദ്ധീകരണത്തിങ്കലേക്ക് നിങ്ങളുടെ ഫലം ഉണ്ട്, അവസാനം നിത്യജീവനും ആകുന്നു.

റോമ. 6:23 പാപത്തിന്റെ ശമ്പളം മരണമത്രേ, എന്നാൽ ദൈവത്തിന്റെ ഉപഹാരമോ നമ്മുടെ കർത്താവായ ക്രിസ്തു യേശുവിൽ നിത്യജീവൻ ആകുന്നു.

റോമ. 8:18 എന്തെന്നാൽ നമ്മുടെമേൽ വെളിപ്പെടുവാനിരിക്കുന്ന വരുവാനുള്ള തേജസ്സിനോടു താരതമ്യം ചെയ്യുവാൻ ഈ കാലത്തുള്ള കഷ്ടങ്ങൾ യോഗ്യമല്ല എന്ന് ഞാൻ നിരൂപിക്കുന്നു.

റോമ. 8:21 അതിന്റെ സ്വന്ത ഹിതത്താലല്ല, അതിനെ കീഴ്പ്പെടുത്തിയവൻ നിമിത്തം വ്യർഥതയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു.

റോമ. 16:27 ഏകജ്ഞാനിയായ ദൈവത്തിന് യേശു ക്രിസ്തുവിലൂടെ, എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

എഫെ. 3:16 അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

എഫെ. 3:18 സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,

എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

എഫെ. 3:20 എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്ന സകലത്തിനും ഉപരി അതിസമൃദ്ധമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിക്കൊത്തവണ്ണം ചെയ്യുവാൻ, കഴിയുന്നവന്,

എഫെ. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

B. ക്രിസ്തുവിന്റെ മരണം ദൈവത്തിന്റെ നീതിക്കുവേണ്ടിയാണ്, ക്രിസ്തുവിന്റെ പുനരുത്ഥാനം ദൈവത്തിന്റെ വിശുദ്ധിക്കു വേണ്ടിയാണ്, ക്രിസ്തുവിന്റെ സ്വർഗാരോഹണം ദൈവത്തിന്റെ തേജസ്സിനു വേണ്ടിയാണ്; ക്രിസ്തു മടങ്ങിവരുമ്പോൾ, അവന്റെ വിശുദ്ധന്മാരുടെ തേജസ്കരണം പൂർത്തിയാക്കപ്പെടും.

C. അവനെത്തന്നെ ജീവനായി നമ്മിലേക്ക് പകരുവാൻ കഴിയത്തക്കവണ്ണം, നമ്മുടെ നീതീകരണത്തിനായി ദൈവത്തിന്റെ നീതിപരമായ ആവശ്യകതകൾ നിറവേറ്റുന്നതിന്, നമ്മുടെ പകരക്കാരനായി ക്രിസ്തു നമുക്കുവേണ്ടി ക്രൂശിൽ മരിച്ചു—യോഹ. 19:34; റോമർ 1:17; 3:23-25; 5:18; വെളി. 22:14:

യോഹ. 19:34 എന്നാൽ പടയാളികളിൽ ഒരുവൻ അവന്റെ വിലാപ്പുറത്ത് കുന്തംകൊണ്ട് കുത്തി, ഉടനെ രക്തവും ജലവും പുറത്തേക്കു വന്നു.

റോമ. 1:17 അതിൽ വിശ്വാസത്തിൽനിന്ന് വിശ്വാസത്തിലേക്ക് ദൈവത്തിന്റെ നീതി വെളിപ്പെടുന്നു, “എന്നാൽ നീതിമാൻ ജീവൻ പ്രാപിക്കുകയും വിശ്വാസത്താൽ ജീവിക്കുകയും ചെയ്യും” എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ.

റോമ. 3:23 എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു,

റോമ. 3:24 ക്രിസ്തു യേശുവിലുള്ള വീണ്ടെടുപ്പ് മുഖാന്തരം അവന്റെ കൃപയാൽ സൗജന്യമായി നീതീകരിക്കപ്പെടുന്നു;

റോമ. 3:25 അവൻ നീതിമാനും യേശുവിന്റെ വിശ്വാസത്തിൽനിന്നുള്ളവനെ നീതീരിക്കുന്നവനും ആകത്തക്കവണ്ണം, ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിക്കുവാനുള്ള വീക്ഷണത്തോടുകൂടി,

റോമ. 5:18 അതുകൊണ്ട് ഏക അതിക്രമത്തിലൂടെ സകല മനുഷ്യർക്കും അത് ശിക്ഷാവിധിയിങ്കലേക്ക് ആയിരുന്നതുപോലെ, ഏക നീതിപ്രവൃത്തിയിലൂടെ സകല മനുഷ്യർക്കും അത് ജീവന്റെ നീതീകരണത്തിങ്കലേക്കും ആയിരുന്നു.

വെളി. 22:14 ജീവവൃക്ഷത്തിൽ അവകാശം ഉണ്ടാകേണ്ടതിനും കവാടങ്ങളിൽ കൂടി നഗരത്തിലേക്കു പ്രവേശിക്കേണ്ടതിനും, തങ്ങളുടെ അങ്കി കഴുകുന്നവർ അനുഗൃഹീതർ.

1. ഒരു ശരിയായ ക്രിസ്ത്യാനി ക്രിസ്തുവിനോടുകൂടെ മരിച്ചവനും ഈ വസ്തുത അനുസരിച്ച് ദിവസവും പെരുമാറുന്നവനുമാണ്; ഒരു വിശ്വാസി സ്വാഭാവിക രീതിയിൽ ജീവിക്കുന്നുവെങ്കിൽ, അവൻ അനീതിയുള്ളവനായിരിക്കും, എന്നാൽ അവൻ ക്രൂശിലെ മരണം അനുഭവമാക്കുന്നുവെങ്കിൽ, അവൻ എല്ലാത്തിലും, എല്ലാവരോടും, എല്ലാ വിധത്തിലും നീതിമാനായിരിക്കും—ഗലാ. 2:20; 2 കൊരി. 3:9.

   ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

   2 കൊരി. 3:9 ശിക്ഷാവിധിയുടെ ശുശ്രൂഷയിൽ തേജസ്സുണ്ടെങ്കിൽ, അതിലധികമായി നീതിയുടെ ശുശ്രൂഷ തേജസ്സുകൊണ്ട് സമൃദ്ധമാകുന്നു.

2. ക്രിസ്തുവിന്റെ മരണത്തിനും ക്രിസ്തുവിനോടുകൂടെയുള്ള നമ്മുടെ മരണത്തിനും മാത്രമേ ദൈവത്തിന്റെ നീതിപരമായ ആവശ്യകതകൾ നിറവേറ്റുകയും ദൈവത്തിന് ദി ജീവനായി അവനെത്തന്നെ നമ്മുടെ മുഴുവൻ ആളത്തത്തിലേക്കും നീതിപരമായി പകരുവാനുള്ള അടിത്തറ നൽകുകയും ചെയ്യുന്നുള്ളൂ, അങ്ങനെ നാം ജീവന്റെ

നഗരമാകുവാൻ ജീവനാൽ വിഴുങ്ങപ്പെടുന്നു—റോമ. 8:10, 6, 11; 2 കൊരി. 5:4.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

2 കൊരി. 5:4 കൂടാതെ, മർത്യമായത് ജീവനാൽ വിഴുങ്ങപ്പെടേണ്ടതിന്, ഈ കൂടാരത്തിൽ ആയിരിക്കുന്ന ഞങ്ങൾ, ധരിക്കാത്തവരായല്ല ധരിച്ചവരായത്രേ ആയിരിക്കുവാൻ ഇച്ഛിച്ചുകൊണ്ട് ഭാരപ്പെട്ട് ഞരങ്ങുന്നു.

3. പുതിയ ഉടമ്പടിയുടെ ശുശ്രൂഷകനായി ജീവിക്കുകയും സേവിക്കുകയും ചെയ്യുക എന്നാൽ, ദൈവത്തിന്റെ ഒരു ദാസനാകുവാൻ നമുക്ക് ഒരു യോഗ്യതയുമില്ലെന്നും, ജഡത്തിലുള്ള ഒരു മനുഷ്യനെന്ന നിലയിൽ മരണത്തിനും അടക്കത്തിനും അല്ലാതെ നാം മറ്റൊന്നിനും കൊള്ളാത്തവരാണെന്നും തിരിച്ചറിഞ്ഞുകൊണ്ട്, ക്രിസ്തുവിനെ ജീവിച്ചു വെളിപ്പെടുത്തി അവന്റെ യഥാർഥ ആവിഷ്കാരമായ, നീതിയുടെ പാത എടുക്കുന്നാണ്—മത്താ. 3:13-17; 21:32.

മത്താ. 3:13 അനന്തരം യേശു യോഹന്നാനാൽ സ്നാനമേൽക്കുവാൻ ഗലീലയിൽ നിന്നു യോർദ്ദാനിലേക്ക് അവന്റെ അടുക്കൽ വന്നു.

മത്താ. 3:14 എന്നാൽ യോഹന്നാൻ, നിന്നാൽ സ്നാനമേൽക്കുവാൻ എനിക്ക് ആവശ്യം, പിന്നെ നീ എന്റെ അടുക്കൽ വരുന്നുവോ? എന്നു പറഞ്ഞുകൊണ്ട് അവനെ തടയുവാൻ ശ്രമിച്ചു.

മത്താ. 3:15 എന്നാൽ യേശു ഉത്തരം നൽകി അവനോട്, ഇപ്പോഴത്തേക്ക് അനുവദിക്കുക, ഇപ്രകാരം സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതമാകുന്നു എന്നു പറഞ്ഞു. അപ്പോൾ അവൻ അവനെ അനുവദിച്ചു.

മത്താ. 3:16 സ്നാനപ്പെട്ട ശേഷം, യേശു ഉടനെ വെള്ളത്തിൽനിന്നു കയറി, ഇതാ, സ്വർഗം അവനു തുറക്കപ്പെട്ടു, ദൈവത്തിന്റെ ആത്മാവ് ഒരു പ്രാവെന്നപോലെ ഇറങ്ങി അവന്റെമേൽ വരുന്നത് അവൻ കണ്ടു.

മത്താ. 3:17 ഇവൻ എന്റെ പുത്രൻ, പ്രിയനായവൻ, ഇവനിൽ ഞാൻ എന്റെ പ്രസാദം കണ്ടെത്തിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഇതാ, സ്വർഗത്തിൽ നിന്ന് ഒരു ശബ്ദം ഉണ്ടായി.

മത്താ. 21:32 യോഹന്നാൻ നീതിയുടെ വഴിയിൽ നിങ്ങളുടെ അടുക്കൽ വന്നു, നിങ്ങളോ അവനെ വിശ്വസിച്ചില്ല, എന്നാൽ ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു; നിങ്ങളോ അതു കണ്ടപ്പോൾ അവനെ വിശ്വസിക്കുവാൻ പിന്നീട് പശ്ചാത്തപിച്ചതുമില്ല.

D. വിശുദ്ധീകരണം എന്നത് വിശുദ്ധിയുടെ വ്യക്തിനിഷ്ഠമായ പ്രവർത്തനമാണ്; അത് പ്രവർത്തനത്തിലുള്ള വിശുദ്ധിയാണ്:

1. വിശുദ്ധീകരണം എന്നത്, നമ്മെ വിശുദ്ധ നഗരമാക്കുന്നതിന് ദൈവത്തിന്റെ വിശുദ്ധ സ്വഭാവമെന്ന നിലയിൽ അവനെത്തന്നെ നമ്മുടെ ആളത്തത്തിലേക്ക് വേലചെയ്തുകൊണ്ട്, നമ്മുടെ ആത്മാവിൽ വിശുദ്ധീകരിക്കുന്ന ആത്മാവായ, "ആത്മാവ്, വിശുദ്ധൻ" എന്ന നിലയിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ്—1 തെസ്സ. 5:23; റോമ. 6:19, 22; 15:16; 8:4.

1 തെസ്സ. 5:23 അനന്തരം സമാധാനത്തിന്റെ ദൈവം താൻതന്നെ നിങ്ങളെ മുഴുവനും വിശുദ്ധീകരിക്കുമാറാകട്ടെ, നിങ്ങളുടെ ആത്മാവും ദേഹിയും ദേഹവും സമ്പൂർണമായി, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ, വരവിൽ, കുറ്റമില്ലാതെ സൂക്ഷിക്കപ്പെടുമാറാകട്ടെ.

റോമ. 6:19 നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷികരീതിയിൽ സംസാരിക്കുന്നു. നിങ്ങൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി അധർമത്തിങ്കലേക്കുള്ള അശുദ്ധിക്കും അധർമത്തിനും സമർപ്പിച്ചതുപോലെ, ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ അടിമകളായി, വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതിക്ക് സമർപ്പിക്കുവിൻ.

റോമ. 6:22 എന്നാൽ ഇപ്പോൾ, പാപത്തിൽനിന്ന് സ്വതന്ത്രരാക്കപ്പെടുകയും ദൈവത്തിന് അടിമപ്പെടുകയും ചെയ്തിട്ട്, നിങ്ങൾക്ക് വിശുദ്ധീകരണത്തിങ്കലേക്ക് നിങ്ങളുടെ ഫലം ഉണ്ട്, അവസാനം നിത്യജീവനും ആകുന്നു.

റോമ. 15:16 അത്, ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ടിട്ട് സ്വീകാര്യമാകേണ്ടതിന്, ദൈവത്തിന്റെ സുവിശേഷത്തിന്റെ അധ്വാനിക്കുന്ന പുരോഹിതനായി, ഞാൻ ജാതികൾക്ക് ക്രിസ്തുയേശുവിന്റെ ശുശ്രൂഷകൻ ആകേണ്ടതിന് തന്നെ.

റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

2. ദിവ്യ വിശുദ്ധീകരണം ദിവ്യ വ്യവസ്ഥ നടപ്പിലാക്കുന്നതിന് നിലനിൽത്തുന്ന രേഖയാണ്, അത് മനുഷ്യനെ ദൈവത്വത്തിലല്ല, ജീവനിലും സ്വഭവത്തിലും ദൈവമാക്കിക്കൊണ്ട് മനുഷ്യനെ ദൈവവൽക്കരിക്കുവാനുള്ള ദൈവത്തിന്റെ നീക്കമെന്ന നിലയിൽ

ദൈവത്തിന്റെ ജൈവിക രക്ഷയുടെ പ്രക്രിയയാണ്—എബ്രാ. 2:10-11; എഫെ. 1:4-5; വെളി. 21:2.

എബ്രാ. 2:10 എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു.

എബ്രാ. 2:11 എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല,

എഫെ. 1:4 സ്നേഹത്തിൽ നാം അവനു മുമ്പാകെ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്, തന്റെ ഹിതത്തിന്റെ സുപ്രസാദത്തിനൊത്തവണ്ണം,

എഫെ. 1:5 യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു,

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

3. പുതിയ ഉടമ്പടിയുടെ ശുശ്രൂഷകനായി ജീവിക്കുകയും സേവിക്കുകയും ചെയ്യുക എന്നത് ജീവന്റെ പുതുക്കത്തിൽ നടക്കുകയും രക്ഷിക്കപ്പെട്ട പാപികളെ പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ട സ്വീകാര്യമായ വഴിപാടെന്ന നിലയിൽ ദൈവത്തിന് അർപ്പിക്കേണ്ടതിന് ദൈവത്തിന്റെ സുവിശേഷത്തിന്റെ അധ്വാനിക്കുന്ന പുരോഹിതനായി ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുകയും ചെയ്യുന്നതാണ്—റോമ. 6:4; 7:6; 15:16.

റോമ. 6:4 അതുകൊണ്ട് സ്നാനത്തിലൂടെ അവന്റെ മരണത്തിലേക്ക് അവനോടു കൂടെ നാം അടക്കപ്പെട്ടിരിക്കുന്നു, ക്രിസ്തു പിതാവിന്റെ മഹത്വത്തിലൂടെ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ.

റോമ. 7:6 എന്നാൽ നാം എന്തിൽ പിടിച്ചുവയ്ക്കപ്പെട്ടിരുന്നുവോ, അതിനു മരിച്ചിട്ട്, ഇപ്പോൾ നാം അക്ഷരത്തിന്റെ പഴക്കത്തിൽ അല്ല ആത്മാവിന്റെ പുതുക്കത്തിൽ സേവിക്കുവാൻ തക്കവണ്ണം, ന്യായപ്രമാണത്തിൽനിന്ന് മുക്തരായിരിക്കുന്നു.

റോമ. 15:16 അത്, ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ടിട്ട് സ്വീകാര്യമാകേണ്ടതിന്, ദൈവത്തിന്റെ സുവിശേഷത്തിന്റെ അധ്വാനിക്കുന്ന പുരോഹിതനായി, ഞാൻ ജാതികൾക്ക് ക്രിസ്തുയേശുവിന്റെ ശുശ്രൂഷകൻ ആകേണ്ടതിന് തന്നെ.

E. ത്രിയേക ദൈവത്തിന്റെ പകർച്ചയുടെ ആത്യന്തിക ലക്ഷ്യം, സഭയിൽ തന്റെ മഹത്വത്തിനായി ദൈവം ക്രിസ്തുവിന്റെ ശരീരത്തിലൂടെ ആവിഷ്കരിക്കപ്പെടുന്നതാണ്—എഫെ. 3:20-21; റോമ. 8:19, 21, 28-30; 16:27:

എഫെ. 3:20 എന്നാൽ നാം ചോദിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്ന സകലത്തിനും ഉപരി അതിസമൃദ്ധമായി നമ്മിൽ വ്യാപരിക്കുന്ന ശക്തിക്കൊത്തവണ്ണം ചെയ്യുവാൻ, കഴിയുന്നവന്,

എഫെ. 3:21 സഭയിലും ക്രിസ്തു യേശുവിലും എല്ലാ തലമുറകളോളം എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

റോമ. 8:19 എന്തെന്നാൽ സൃഷ്ടിയുടെ ഉത്കണ്ഠാപൂർവമുള്ള നിരീക്ഷണം ദൈവപുത്രന്മാരുടെ വെളിപാടിനെ പ്രതീക്ഷയോടെ കാത്തിരിക്കുന്നു.

റോമ. 8:21 അതിന്റെ സ്വന്ത ഹിതത്താലല്ല, അതിനെ കീഴ്പ്പെടുത്തിയവൻ നിമിത്തം വ്യർഥതയ്ക്ക് കീഴ്പ്പെട്ടിരിക്കുന്നു.

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

റോമ. 8:30 അവൻ മുൻനിയമിച്ചവരെ, അവൻ വിളിക്കുകയും; അവൻ വിളിച്ചവരെ, അവൻ നീതീകരിക്കുകയും; അവൻ നീതീകരിച്ചവരെ, അവൻ തേജസ്കരിക്കുകയും ചെയ്തു.

റോമ. 16:27 ഏകജ്ഞാനിയായ ദൈവത്തിന് യേശു ക്രിസ്തുവിലൂടെ, എന്നെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമേൻ.

1. യോഹന്നാൻ 17-ലെ ഒരുമ സഭയാണ്; സ്വയത്തെ പൂർണമായി ത്യജിക്കുന്നതിലൂടെ, ഒരുമ സഗ്രമായ രീതിയിൽ സാക്ഷാൽകരിക്കപ്പെടുമ്പോൾ, പുത്രൻ സഭയിൽ പിതാവിനെ തേജസ്കരിക്കുന്നു—വാ. 1, 21-23.

John 17 be omitted.

യോഹ. 17:1 ഈ കാര്യങ്ങൾ സംസാരിച്ചശേഷം, സ്വർഗത്തിലേക്കു തന്റെ കണ്ണുകൾ ഉയർത്തി യേശു പറഞ്ഞു, പിതാവേ, നാഴിക വന്നിരിക്കുന്നു; പുത്രൻ നിന്നെ തേജസ്കരിക്കേണ്ടതിന്, നിന്റെ പുത്രനെ തേജസ്കരിക്കേണമേ;

യോഹ. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ

സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

2. ശരിയായ സഭാജീവിതം ഉള്ളിടത്തെല്ലാം പിതാവിന്റെ തേജസ്കരണം ഉണ്ടകുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു, കാരണം സഭാജീവിതം പിതാവിനെ ആവിഷ്കരിക്കുന്നു.
3. പുതിയ ഉടമ്പടിയുടെ ശുശ്രൂഷകനായി ജീവിക്കുകയും സേവിക്കുകയും ചെയ്യുക എന്നാൽ ക്രിസ്തുവിന്റെ മഹത്വീകരണത്തിനായി സകലതും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുക എന്നാണ്—റോമ. 11:36; 1 കൊരി. 10:31; ഫിലി. 1:20; 2 കൊരി. 4:5.

റോമ. 11:36 സകലവും അവനിൽനിന്നും അവനിലൂടെയും അവനിലേക്കും ആകുന്നുവല്ലോ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ.

1 കൊരി. 10:31 അതുകൊണ്ട് നിങ്ങൾ ഭക്ഷിച്ചാലും പാനം ചെയ്താലും, മറ്റെന്തു ചെയ്താലും, സകലവും ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ.

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

2 കൊരി. 4:5 എന്തെന്നാൽ ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവായും ഞങ്ങളെ യേശു നിമിത്തം നിങ്ങളുടെ അടിമകളായുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്.

F. തന്റെ നീതിക്കനുസൃതമായും, തന്റെ വിശുദ്ധിയിലൂടെയും, തന്റെ തേജസ്സിങ്കലേക്കും ജീവൻ എന്ന നിലയിൽ ത്രിയേക ദൈവത്തിന്റെ പകർച്ച, നമ്മുടെ നീതിയുടെ ഉറച്ച അടിസ്ഥാനവും, നമ്മുടെ വിശുദ്ധിയുടെ നിർമലമായ സംരചനയും, നമ്മുടെ തേജസ്സിന്റെ ശോഭയുള്ള ആവിഷ്കാരവും എന്ന നിലയിൽ ക്രിസ്തുവിനോടുകൂടെ നാം പുതിയ യെരൂശലേമായിത്തീരുന്നതിനാണ്—വെളി. 21:2, 9-11.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:9 ഒടുക്കത്തെ ഏഴു ബാധകൾ നിറഞ്ഞ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട്, ഇവിടെ വരിക; കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്,

ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

വെളി. 21:11 അവളുടെ വെളിച്ചം ഏറ്റവും വിലയേറിയ കല്ലുപോലെ, സ്ഫടിക സ്വച്ഛമായ സൂര്യകാന്തം പോലെ ആയിരുന്നു.

G. അങ്ങനെ, പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ദൈവമെന്ന നിലയിൽ ആത്മാവും, പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചതുമായ സഭയെന്ന നിലയിൽ മണവാട്ടിയും, നിത്യതയോളം ജീവനിൽ ഒരു അസ്തിത്വമായ പ്രണയ ജോഡിയായി ചേർന്നിരിക്കുന്നു—22:17; പ്ര.നി. 1 കൊരി. 6:17.

വെളി. 22:17a വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക! എന്ന് പറയട്ടെ....

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.

ശുശ്രൂഷയിൽ നിന്നുള്ള ഭാഗങ്ങൾ:

ഒരു മഴവില്ലുണ്ട്

ഈ ഘട്ടത്തിൽ നാല് ജീവികൾ കർത്താവിന്റെ ആവിഷ്കാരത്തിന് മാത്രമല്ല, കർത്താവിന്റെ നീക്കത്തിനു മാത്രമല്ല, കർത്താവിന്റെ ഭരണത്തിനും, ഭരണനിർവഹണത്തിനും കൂടിയാണ്. കർത്താവ് തന്റെ ആവിഷ്കാരത്തിനും, നീക്കത്തിനും, ഭരണനിർവഹണത്തിനും വേണ്ടി അവരുടെ ഇടയിലും അവർക്കു മുകളിലുമാണ്. ഇത് വാസ്തവമായും അത്ഭുതകരമാണ്.

സിംഹാസനത്തോടുകൂടിയ ഒരു തെളിഞ്ഞ ആകാശത്തിന്റെയും, ശുക്ലസ്വർണ്ണത്തിന്റെയും ദഹിപ്പിക്കുന്ന അഗ്നിയുടെയും രൂപത്തിലുള്ള ഒരു മനുഷ്യനെ അനുഭവമാക്കിയതിന്റെയും ഫലമായി, കാഴ്ചയ്ക്ക് നാം ഒരു മഴവില്ല് പോലെ ആയിരിക്കും. യെഹെസ്കേൽ 1:28 പറയുന്നു, "യേഹേസ്കേൽ 1:28 അതിന്റെ ചുറ്റുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിന്റെ കാഴ്ചപോലെ ആയിരുന്നു. യഹോവയുടെ മഹത്വത്തിന്റെ പ്രത്യക്ഷത ഇങ്ങനെ ആയിരുന്നു കണ്ടതു." സിംഹാസനത്തിൽ ഇരിക്കുന്ന മനുഷ്യന് ചുറ്റുമുള്ള പ്രകാശമാണ് ഒരു മഴവില്ല്. ഈ പ്രകാശം സിംഹാസനത്തിൽ കർത്താവിന് ചുറ്റുമുള്ള ശോഭയെയും മഹത്വത്തെയും സൂചിപ്പിക്കുന്നു.

മഴവില്ലിന്റെ പ്രാധാന്യം മനസ്സിലാക്കാൻ, നോഹയുടെ കാലത്തെ മഴവില്ലിനെ നാം ഓർക്കേണ്ടതുണ്ട്. ഒരു വെള്ളപ്പൊക്കം ഭൂമിയെ മുഴുവൻ നശിപ്പിച്ചിരുന്നു, ആ ന്യായവിധിയിൽ നിന്ന് എട്ട് പേർ മാത്രമേ രക്ഷപ്പെട്ടുള്ളൂ. അതിനുശേഷം, ആകാശത്ത് കാർമേഘങ്ങൾ കണ്ടപ്പോൾ, ജനം നശിപ്പിക്കപ്പെടുമെന്ന് ഭയന്നിരിക്കാം. അതിനാൽ, ദൈവം ഒരു ഉടമ്പടി ചെയ്തു, അതിൽ ഇനി ഒരിക്കലും ഒരു വെള്ളപ്പൊക്കത്താൽ എല്ലാ ജീവജാലങ്ങളെയും നശിപ്പിക്കില്ലെന്ന് അവൻ വാഗ്ദത്തം ചെയ്തു, ഈ ഉടമ്പടിയുടെ അടയാളമായി അവൻ മേഘത്തിൽ മഴവില്ല് സ്ഥാപിച്ചു. "ഞാൻ എന്റെ വില്ലു മേഘത്തിൽ വെക്കുന്നു; അതു ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിന്നു അടയാളമായിരിക്കും. ഞാൻ ഭൂമിയുടെ മീതെ മേഘം

വരുത്തുമ്പോൾ മേഘത്തിൽ വില്ലു കാണും. അപ്പോൾ ഞാനും നിങ്ങളും സർവ്വജഡവുമായ സകലജീവജന്തുക്കളും തമ്മിലുള്ള എന്റെ നിയമം ഞാൻ ഓർക്കും; ഇനി സകലജഡത്തെയും നശിപ്പിപ്പാൻ വെള്ളം ഒരു പ്രളയമായി തീരുകയുമില്ല. വില്ലു മേഘത്തിൽ ഉണ്ടാകും; ദൈവവും ഭൂമിയിലെ സർവ്വജഡവുമായ സകലജീവികളും തമ്മിൽ എന്നേക്കുമുള്ള നിയമം ഓർക്കേണ്ടതിന്നു ഞാൻ അതിനെ നോക്കും." (ഉൽപ. 9:13-16). അതുകൊണ്ട്, മഴവില്ല് ദൈവത്തിന്റെ വിശ്വസ്തതയുടെയും, വീണുപോയ മനുഷ്യവംശത്തെ വെള്ളപ്പൊക്കത്താൽ നശിപ്പിക്കില്ലെന്ന വാഗ്ദാനത്തിന്റെയും അടയാളമായിരുന്നു.

നോഹയുടെ കാലത്ത് വീണുപോയ മനുഷ്യവംശത്തിന്റെ ന്യായവിധിയിലും സംഹാരത്തിലും ദൈവം തന്റെ വിശ്വസ്തതയാൽ ചിലരെ രക്ഷിച്ചു. ക്രിസ്തുവിലുള്ള വിശ്വാസികൾ എന്ന നിലയിൽ നമ്മുടെ അവസ്ഥയും ഇതുതന്നെയാണ്. ദൈവം നമ്മെ അവശേഷിപ്പിച്ചു എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. നാമെല്ലാവരും വീണുപോയവരും നശിപ്പിക്കപ്പെടാൻ അർഹരുമാണ്, എന്നാൽ ദൈവം നമ്മെ രക്ഷിച്ചു. അവന്റെ വിശ്വസ്തതയാൽ നമ്മെ രക്ഷിച്ചു എന്നതിന് കർത്താവിനെ സ്തുതിക്കൂ! ഇപ്പോൾ ദൈവത്തിന്റെ വിശ്വസ്തതയുടെ അടയാളമായി നമുക്ക് ഒരു മഴവില്ല് ഉണ്ട്. ദൈവം ഒരു വിശുദ്ധനായ ദൈവവും ദഹിപ്പിക്കുന്ന അഗ്നിയുമാണെങ്കിലും, അവന്റെ സാന്നിധ്യത്തിൽ ആർക്കും നിലനിൽക്കാൻ കഴിയില്ലെങ്കിലും, അവന്റെ വിശ്വസ്തതയാൽ നാം രക്ഷിക്കപ്പെട്ടു.

മഴവില്ലിൽ നിരവധി വ്യത്യസ്ത നിറങ്ങളുണ്ട്, എന്നാൽ അടിസ്ഥാന നിറങ്ങൾ മൂന്നെണ്ണം മാത്രമാണ് — ചുവപ്പ്, മഞ്ഞ, നീല. ഈ നിറങ്ങൾ തിളങ്ങുകയും കൂടികലരുകയും ചെയ്യുമ്പോൾ, അവ ഓറഞ്ച്, പച്ച, വയലറ്റ് തുടങ്ങിയ മറ്റ് നിറങ്ങൾ ഉത്പാദിപ്പിക്കുന്നു. മഴവില്ലിന്റെ മൂന്ന് പ്രാഥമിക നിറങ്ങൾ ചുവപ്പ്, മഞ്ഞ, നീല എന്നിവയാണെന്നത് വളരെ അർഥവത്താണ്, കാരണം അവ നാം ഇതിനകം യെഹെസ്കെയിൽ കണ്ടതിനോട് യോജിക്കുന്നു. സിംഹാസനം കാഴ്ചയ്ക്ക് ഒരു നീലക്കല്ല് പോലെയാണ്; ശുക്ലസ്വർണ്ണം മഞ്ഞയാണ്; തീ ചുവപ്പാണ്. അവയുടെ തിളക്കവും അപവർത്തനവും വഴി, ഈ മൂന്ന് നിറങ്ങളും സംയോജിച്ച് ഒരു മഴവില്ല് ഉണ്ടാക്കുന്നു.

നിറങ്ങളുടെയും ആത്മീയ പ്രാധാന്യം നാം കാണേണ്ടതുണ്ട്. നീല സിംഹാസനത്തെ സൂചിപ്പിക്കുന്നു. സങ്കീർത്തനം 89:14 അനുസരിച്ച്, ദൈവത്തിന്റെ സിംഹാസനത്തിന്റെ അടിസ്ഥാനം നീതിയാണ്. നീല സിംഹാസനം ദൈവത്തിന്റെ നീതിയെ സൂചിപ്പിക്കുന്നു എന്നാണ് ഇത് സൂചിപ്പിക്കുന്നത്. തീ വിശുദ്ധീകരിക്കുന്നതും വേർപെടുത്തുന്നതും ദഹിപ്പിക്കുന്നതുമായ തീയെ സൂചിപ്പിക്കുന്നു. ഇതിനർത്ഥം ഇവിടെ ചുവപ്പ് ദൈവത്തിന്റെ വിശുദ്ധിയെ സൂചിപ്പിക്കുന്നു എന്നാണ്. മഞ്ഞ, തിളങ്ങുന്ന ശുക്ലസ്വർണ്ണം ദൈവത്തിന്റെ തേജസിനെ സൂചിപ്പിക്കുന്നു. അതിനാൽ, ഇവിടെ നമുക്ക് നീല, ചുവപ്പ്, മഞ്ഞ എന്നീ

നിറങ്ങളാൽ സൂചിപ്പിക്കപ്പെടുന്ന ദൈവത്തിന്റെ നീതി വിശുദ്ധി തേജസ്സ് എന്നിവയുണ്ട്.

ദൈവത്തിന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവ പാപികളെ ദൈവത്തിൽ നിന്ന് അകറ്റി നിർത്തുന്ന മൂന്ന് ദിവ്യ സദ്ഗുണങ്ങളാണ്. നാം രക്ഷിക്കപ്പെടുന്നതിന് മുമ്പ്, അവന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവയാൽ നാം ദൈവത്തിൽ നിന്ന് അകറ്റി നിർത്തപ്പെട്ടു. എന്നാൽ കർത്താവായ യേശു വന്നു, ദൈവത്തിന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവയുടെ ആവശ്യകതകൾ നിറവേറ്റുന്നതിനായി ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റു, അവൻ ഇപ്പോൾ നമ്മുടെ നീതിയും വിശുദ്ധീകരണവും വീണ്ടെടുപ്പുമാണ് (1 കൊരി. 1:30). അവൻ ഇപ്പോൾ നമ്മുടെ തേജസ്സുമാണ്. നമ്മിൽത്തന്നെ നമുക്ക് ദൈവത്തിന്റെ തേജസ്സ് കുറവാണ് (റോമ. 3:23), നാം ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയിലാണ്, ദൈവത്തിന്റെ വിശുദ്ധിയാൽ നാം അകറ്റി നിർത്തപ്പെട്ടിരിക്കുന്നു. എന്നാൽ ഇപ്പോൾ, വിശ്വാസികൾ എന്ന നിലയിൽ, നാം ക്രിസ്തുവിലാണ്, അവൻ നമ്മുടെ നീതിയും വിശുദ്ധിയും തേജസ്സുമായി മാറിയിരിക്കുന്നു. മാത്രമല്ല, നാം ക്രിസ്തുവിലായതിനാൽ, നാം ക്രിസ്തുവിനെ നീതിയായും വിശുദ്ധിയായും തേജസ്സുമായും വഹിക്കുന്നു. നാം ക്രിസ്തുവിലായതിനാൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ നാം നീതിയായും വിശുദ്ധിയായും തേജസ്സായും കാണപ്പെടുന്നു.

ഇത് നമുക്ക് വെറുമൊരു ഉപദേശമോ പഠിപ്പിക്കലോ ആയിരിക്കരുത്. മറ്റുള്ളവർ നമ്മെ ബന്ധപ്പെടുമ്പോൾ അവർക്ക് നീതി, വിശുദ്ധി, തേജസ്സ് എന്നിവ അനുഭവപ്പെടുന്ന വിധത്തിൽ നാം ക്രിസ്തുവിനെ അനുഭവമാക്കേണ്ടതുണ്ട്. ഇതിനർത്ഥം നമുക്ക് ഒരു തെളിഞ്ഞ ആകാശമുണ്ടെന്നും, നമുക്ക് ഒരു സിംഹാസനമുണ്ടെന്നും, നാം നീതിമാന്മാരും ഉചിതരുമാണെന്നും, ഒരു തരത്തിലും അശ്രദ്ധരോ അയഞ്ഞവരോ അല്ലെന്നും അവർക്ക് മനസ്സിലാക്കാൻ കഴിയണം എന്നാണ്. തിളങ്ങുന്നതും, ശോഭിക്കുന്നതും, ഘനമുള്ളതുമായ ശുക്ലസ്വർണ്ണവും നമുക്ക് ഉണ്ടായിരിക്കണം. അപ്പോൾ നമുക്ക് ഒരു മഴവില്ലിന്റെ ഭാവം ഉണ്ടാകും, ദൂതന്മാർക്കും, ഭൂതങ്ങൾക്കും, സാത്താനും അത് കാണാൻ കഴിയും. വീണുപോയ നമ്മെ രക്ഷിക്കുന്നതിൽ ദൈവത്തിന്റെ വിശ്വസ്തതയുടെ അടയാളമാണ് ഈ മഴവില്ല്. വീണുപോയവരെങ്കിലും ഇപ്പോൾ രക്ഷിക്കപ്പെട്ടവരെന്ന നിലയിൽ, നമ്മെ രക്ഷിക്കുന്നതിലുള്ള ദൈവത്തിന്റെ വിശ്വസ്തതയുടെ സാക്ഷ്യമായി നാം മാറിയിരിക്കുന്നു. ഓരോ പ്രാദേശിക സഭയും അത്തരമൊരു മഴവില്ലിന്റെ സാക്ഷ്യം വഹിക്കണം.

പുതിയ യെരുശലേമിനുപോലും ഒരു മഴവില്ലിന്റെ പ്രത്യക്ഷതയുണ്ട്. പുതിയ യെരുശലേമിന്റെ അടിസ്ഥാനകല്ലുകൾ പന്ത്രണ്ട് പാളികളാണ്, ഓരോ പാളിയും വ്യത്യസ്ത നിറങ്ങളാണ് (വെളി. 21:19-20). അടിസ്ഥാനകല്ലുകളുടെ പന്ത്രണ്ട് പാളികൾക്കും നിറത്തിൽ ഒരു മഴവില്ലിന്റെ പ്രത്യക്ഷതയുണ്ടെന്ന് പ്രസ്താവിച്ചിരിക്കുന്ന ഒരു ലേഖനം കുറച്ചുകാലം മുൻപ് ഞാൻ വായിച്ചു. ഇതിൽ നിന്ന് വിശുദ്ധ നഗരമായ പുതിയ യെരുശലേം ഒരു മഴവില്ല് പോലെ കാണപ്പെടുന്നു

എന്ന് നമുക്ക് കാണുവാൻ കഴിയും. ദൈവത്തിന്റെ ഉടമ്പടി പാലിക്കുന്നതിൽ ദൈവത്തിന്റെ വിശ്വസ്തതയാൽ നഗരം പണിയപ്പെടുകയും സുരക്ഷിതമാക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്ന് ഈ മഴവില്ല് സൂചിപ്പിക്കുന്നു. ദൈവം തന്റെ നീതിയനുസരിച്ച് പാപികളെ ന്യായം വിധിച്ചപ്പോൾ, അവൻ എല്ലാവരെയും നശിപ്പിച്ചില്ല, മറിച്ച് തന്റെ വിശ്വസ്തതയുടെ സാക്ഷ്യമായി പലരെയും നാശത്തിൽ നിന്ന് രക്ഷിച്ചുവെന്ന് ഈ മഴവില്ല് നിത്യതയോളം പ്രഖ്യാപിക്കും. രക്ഷിക്കപ്പെട്ടവരുടെ കൂട്ടമായ നാം, നിത്യതയിൽ, നമ്മുടെ ദൈവം നീതിമാനും വിശ്വസ്തനുമാണെന്ന് എന്നേക്കും സാക്ഷ്യപ്പെടുത്തുന്ന ഒരു മഴവില്ലായിരിക്കും.

ദൈവം രക്ഷിച്ചതായ നാമായിരിക്കും ഈ വിശുദ്ധ നഗരം. അവന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവയാൽ, പ്രപഞ്ചം മുഴുവനും ദൈവത്തിന്റെ രക്ഷാകരമായ വിശ്വസ്തതയെ പ്രഖ്യാപിക്കുന്ന ഒരു മഴവില്ലിന്റെ രൂപം നമുക്ക് ലഭിക്കും. ബൈബിളിന്റെ അവസാനത്തിൽ, നിത്യനായ ദൈവത്തിന്റെ ശക്തമായ സാക്ഷ്യമെന്ന നിലയിൽ അവനെ വലയംചെയ്യുന്ന ഒരു മഴവില്ലിന്റെ രൂപത്തിന്റെ അടിസ്ഥാനമുള്ള ഒരു നഗരമുണ്ട്. ക്രിസ്തീയ ജീവിതത്തിന്റെയും സഭാ ജീവിതത്തിന്റെയും അനുഭവം അത്തരമൊരു മഴവില്ലിൽ പരിണമിക്കും. ഈ മഴവില്ല് പ്രത്യക്ഷമാകുമ്പോൾ, ദൈവത്തിന് തന്റെ ഹൃദയാഭിലാഷം നിറവേറ്റുവാൻ സാധിക്കും.

യുഗങ്ങളിലുടനീളം, ദൈവം വീണുപോയ മനുഷ്യനെ തന്റെ നീതിയുള്ള സിംഹാസനം, വിശുദ്ധ തീ, തേജസ്സായ പ്രകൃതം എന്നിവ അനുസരിച്ച് ന്യായം വിധിച്ചുകൊണ്ടിരിക്കുകയാണ്. എന്നിരുന്നാലും, അവർ അവന്റെ തേജസ്സിനെ പ്രതിഫലിപ്പിക്കുകയും അവനെയും അവന്റെ വിശ്വസ്തതയെയും എന്നെന്നേക്കുമായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന ഒരു തിളങ്ങുന്ന മഴവില്ലായി മാറുന്ന അളവോളം ദൈവം ചിലരെ രക്ഷിച്ചിരിക്കുന്നു. ഈ മഴവില്ലിന്റെ പ്രത്യക്ഷത, ആകാശവും ഭൂമിയും ബന്ധപ്പെട്ടിരിക്കുന്നുവെന്നും ദൈവവും മനുഷ്യനും ഒന്നിച്ചുചേർന്നിരിക്കുന്നുവെന്നും സൂചിപ്പിക്കുന്നു. പുതിയ യെരൂശലേമിലെ സിംഹാസനത്തിനു ചുറ്റും, ദൈവത്തിന്റെ വിശ്വസ്തത നിമിത്തം രക്ഷ ലഭിച്ച ഒരു കൂട്ടം ആളുകൾ ഉണ്ടാകും, അവർ നിത്യതയിലുടനീളം ദൈവത്തിന്റെ നീതിയുടെയും വിശുദ്ധിയുടെയും മഹത്വത്തിന്റെയും തിളക്കത്തെ പ്രതിഫലിപ്പിക്കുന്ന ഒരു മഴവില്ലായിരിക്കും. ഈ ഘട്ടത്തിൽ, ദൈവത്തിന്റെ നിത്യ പദ്ധതി നിവർത്തിക്കപ്പെട്ടുകഴിഞ്ഞിരിക്കും.

ഈ മഴവില്ല് നിത്യതയിൽ ആവിഷ്കരിക്കപ്പെടുമെങ്കിലും, ഈ ശോഭയുള്ള മഴവില്ലിന്റെ ആത്മീയ യാഥാർത്ഥ്യം ഇന്ന് സഭയിൽ ആവിഷ്കരിക്കപ്പെടണം. സഭാ ജീവിതത്തിൽ, ദൈവം നമ്മിൽ പ്രവർത്തിക്കാൻ നാം അവനെ അനുവദിക്കേണ്ടതുണ്ട്, എല്ലാം ശുദ്ധവും നീതിയും വിശുദ്ധവുമാകുന്നിടത്തോളം നമുക്ക് കൃപ ലഭിക്കേണ്ടതുണ്ട്. ഇതിനർത്ഥം ദൈവത്തിന്റെ വിശുദ്ധ അഗ്നി ദൈവവുമായി പൊരുത്തപ്പെടാത്ത എല്ലാം കത്തിച്ചുകളയണം എന്നാണ്, അപ്രകാരം ദൈവത്തിന്റെ പ്രകൃതം സഹോദരീസഹോദരന്മാരുടെ

മനുഷ്യത്വത്തിലൂടെയും മനുഷ്യത്വത്തിലും തിളക്കമുള്ള സ്വർണ്ണമായി ആവിഷ്കരിക്കപ്പെടും. അപ്പോൾ സഭ ദൈവത്തിന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവയാൽ നിറയും. ഈ മൂന്ന് സ്വഭാവസവിശേഷതകളും പരസ്പരം സംയോജിപ്പിച്ച് പ്രതിഫലിപ്പിച്ച് ദൈവത്തെ ആവിഷ്കരിക്കുകയും അവനുവേണ്ടി സാക്ഷീകരിക്കുകയും ചെയ്യുന്ന ഒരു തിളക്കമുള്ള മഴവില്ലിനെ രൂപപ്പെടുത്തും.

ഇത് നമുക്ക് വെറുമൊരു പഠിപ്പിക്കലായിരിക്കരുത് എന്ന് ഞാൻ വീണ്ടും പറയുന്നു. പകരം, ദൈവത്തിന്റെ രക്ഷിക്കപ്പെട്ടവരെന്ന നിലയിൽ, ദൈവത്തിന്റെ സാക്ഷ്യം വഹിക്കുകയും മുഴുവൻ പ്രപഞ്ചത്തോടും ദൈവത്തിന്റെ വിശ്വസ്തത പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു മഴവില്ലിന്റെ രൂപം നമുക്ക് വഹിക്കുവാൻ കഴിയുന്ന തരത്തിൽ ഈ മഴവില്ലിന്റെ യാഥാർത്ഥ്യം നമ്മിൽ പണിതുചേർക്കപ്പെടണം. ഇതിനർത്ഥം നാം ദൈവത്തിന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവ വഹിക്കുമെന്നാണ്.

താൻ കണ്ടത് കർത്താവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയായിരുന്നുവെന്ന് യെഹെസ്കേൽ പറയുന്നു. "അതു കണ്ടിട്ടു ഞാൻ കവിണ്ണുവീണു; സംസാരിക്കുന്ന ഒരുത്തന്റെ ശബ്ദവും ഞാൻ കേട്ടു." (യെഹെ. 1:28b). യെഹെസ്കേൽ പുസ്തകത്തിന്റെ തുടർന്നുള്ള അധ്യായങ്ങളിൽ കർത്താവിന്റെ വചനം കേൾക്കണമെങ്കിൽ, നാമെല്ലാവരും ഒരേ സ്ഥാനത്തേക്ക് വരേണ്ടതുണ്ട് — തെളിഞ്ഞ ആകാശത്തിൻ കീഴിൽ, സിംഹാസനത്തിൽ ഇരിക്കുകയും തിളങ്ങുന്നതും പ്രതിഫലിപ്പിക്കുന്നതുമായ മഴവില്ല് ഉള്ളതുമായ ഒരു മനുഷ്യന്റെ മുന്നിൽ. ഇത് മുകളിൽ നിന്നുള്ള ശബ്ദം നമുക്ക് കേൾക്കാൻ കഴിയുന്ന സ്ഥലമാണ്. ഇവിടെ ആയിരിക്കുന്നത് സ്വർഗത്തിൽ നിന്ന് സംസാരിക്കുന്ന ശബ്ദം കേൾക്കാൻ നമ്മെ സഹായിക്കുന്നു. നമ്മിൽ ഓരോരുത്തരും ഈ സ്ഥാനത്തേക്ക് എത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു, കൂടാതെ എല്ലാ പ്രാദേശിക സഭകളും ഇവിടെ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അപ്പോൾ കർത്താവിന് നമ്മോട് സംസാരിക്കുവാൻ ഒരു വഴി ഉണ്ടാകും. (*Life-Study of Ezekiel,* pp. 133-137)

.

ദൈവത്തിന്റെ ഉടമ്പടിയിൻ കീഴിൽ ജീവിക്കുന്നു

മരണജലത്താലുള്ള ന്യായവിധി ഇനി ഇല്ല

പിന്നെ ദൈവം നോഹയോടും അവന്റെ സന്തതിയോടും സകല ജീവികളോടും ഒരു ഉടമ്പടി ചെയ്തു (9:8-11). ഈ ഉടമ്പടി പ്രധാനമായും ഒരു സവിശേഷത ഉള്ളതായിരുന്നു—അതായത്, ഇനി ഒരിക്കലും മരണജലത്താലുള്ള ന്യായവിധി മുഖാന്തരം മരണം വരുകയില്ല. ഇവിടെ ഉടമ്പടി പ്രധാനമായും സൂചിപ്പിക്കുന്നത് സഭാജീവിതത്തിൽ ഇനി മരണമില്ല ജീവനാണ് ഉള്ളത് എന്നാണ്. എട്ടുവ്യക്തികൾ ഉടമ്പടിയിൻ കീഴിൽ ജീവിച്ചു. അവരുടെ പശ്ചാത്തലവുമായി നമുക്ക് പങ്കില്ലാത്തതുകൊണ്ട്, പെട്ടകം വിട്ടപ്പോഴുള്ള അവരുടെ അനുഭൂതികൾ മനസ്സിലാക്കുവാൻ നമുക്ക് വിഷമമാണ്. നിങ്ങൾ നോഹയുടെ മരുമക്കളിൽ ഒരാളാണെന്ന് വിചാരിക്കുക. പെട്ടകത്തിന് പുറത്തുവന്നതിനുശേഷവും വീണ്ടും

ജലപ്രളയം വരും എന്നു ചിന്തിച്ചുകൊണ്ട് നിങ്ങൾ പിന്നെയും ഭയപ്പെട്ടിരിക്കുമായിരുന്നു. ജലപ്രളയത്തിനുമുമ്പ് എനിക്ക് ഉറപ്പുണ്ടായിരുന്നു. ഞാൻ ആകാശത്തേക്ക് നോക്കി, അത് വളരെ തെളിഞ്ഞതായിരുന്നു. ആകാശം തെളിഞ്ഞിരുന്നതുകൊണ്ട് എനിക്ക് സമ്പൂർണ്ണ ഉറപ്പുണ്ടായിരുന്നു. എനിക്ക് ഭയം ഇല്ലായിരുന്നു. ഇപ്പോൾ ജലപ്രളയത്തിന്റെ അനുഭവം മുഖാന്തരം, എനിക്ക് ഒട്ടും ഉറപ്പില്ല. ആകാശം തെളിഞ്ഞിരിക്കുന്നു, എന്നാൽ ഒരുപക്ഷേ, ജലപ്രളയം വീണ്ടും വരും എന്ന് ഒരു വേള നിങ്ങൾ നിങ്ങളോടുതന്നെ പറഞ്ഞിട്ടുണ്ടായിരിക്കും. ജനത്തിന് ഉറപ്പില്ലായിരുന്നു. അവർക്ക് ഭീതിയും ഭയവും ഉണ്ടായിരുന്നു. നാം രക്ഷപ്രാപിക്കുകയും സഭാജീവിതത്തിലേക്ക് നടത്തപ്പെടുകയും ചെയ്തതിനുശേഷവും നാം, മരണത്തിന്റെ ഭീഷണിയിൻകീഴിലാണ്. മുറുകെപ്പറ്റുന്ന പാപങ്ങളാലും തങ്ങളുടെ മനോനില നഷ്ടപ്പെട്ടേക്കാം എന്നതിനാലും അനേകർ ഭയപ്പെടുന്നു. തങ്ങളുടെ മനോനിലയെ അവർ വെറുക്കുന്നു. രണ്ടാഴ്ചമുമ്പ് അവരുടെ ആകാശം തെളിഞ്ഞതായിരുന്നു, എന്നാൽ പെട്ടെന്ന് ഇടിയും വലിയ മഴയും ഇണ്ടായി — അത് മനോനില നഷ്ടപ്പെട്ടതായിരുന്നു. ഇത് സംഭിക്കുമ്പോഴൊക്കെ അവർ ഭയപ്പെടുന്നു. അനേക വിശുദ്ധന്മാർ എന്നോട് ഇങ്ങനെ പറഞ്ഞിട്ടുണ്ട്, "സഹോദരാ, സഭാജീവിതത്തിൽ എല്ലാം നല്ലതാണ്. എന്നാൽ എല്ലാ ദിവസവും ഒരുപോലെ ആയിരിക്കുമെന്നുള്ള വിശ്വാസമോ, ഉറപ്പോ ഞങ്ങൾക്കില്ല. ഇന്ന് എന്റെ ഭാര്യയോട് ഞാൻ ദയയുള്ളവനാണ്, എന്നാൽ ഒരുപക്ഷേ, രണ്ടുദിവസത്തിനുശേഷം എന്റെ മനോനില നഷ്ടപ്പെടുകയും ഞാൻ കടക്കാരനായിത്തീരുകയും ചെയ്യും. എനിക്ക് ഉറപ്പില്ല, സമാധാനവും ഇല്ല. ഞാൻ ഭയം നിറഞ്ഞവനാണ്". ചില സഹോദരിമാർക്ക് തങ്ങളുടെ ഭർത്താക്കന്മാരോടോ തങ്ങളോടുതന്നെയോ ഒരു സമാധാനവുമില്ല. ജലപ്രളയം വീണ്ടുംവരും, മരണജലം ഒരിക്കൽകൂടിവരും എന്ന ഭയത്തിലാണ് അവർ.

നോഹയും മറ്റുള്ളവരും ഈ ഭീതിബോധത്തിൽ ആയിരുന്നതുകൊണ്ട്, ദൈവം അവരോട് ഒരു നിയമം ചെയ്തു. "സമാധാനമായിരിക്കുക, ഉറപ്പായിരിക്കുക. ജലപ്രളയം വരുകയില്ല. മേലാൽ മരണജലം ഉണ്ടായിരിക്കുകയില്ല" എന്ന് ദൈവം പറഞ്ഞതായി തോന്നുന്നു. സഭാജീവിതത്തിൽ ഇനി മരണം ഇല്ലാത്തതുകൊണ്ട് നാം ഉറപ്പുള്ളവരും സമാധാനത്തിലും ആയിരിക്കണമെന്ന് ഇത് സൂചിപ്പിക്കുന്നു. ഇപ്പോൾ ക്രിസ്തുവിൽ ഒരു ശിക്ഷാവിധിയുമില്ല (റോമ.8:1). മരണജലമില്ല. നാം റോമർ 8-ൽ ആണ്; അവിടെ ശിക്ഷാവിധിയും ജലപ്രളയവും മരണവും ന്യായവിധിയും ഇല്ല. "ഇനിമേലാൽ" എന്ന് നാം പറയുന്തോറും നമുക്ക് മരണമില്ലെന്ന് നാം തിരിച്ചറിയുന്നു. നിങ്ങളുടെ അനുഭൂതികളെ വിശ്വസിക്കരുത്. നിങ്ങളുടെ കുറ്റബോധത്തെ വിശ്വസിക്കരുത്. നിങ്ങളുടെ കുറ്റബോധം ആശ്രയിക്കാവുന്നതല്ല. അത് ഭോഷ്കാണ്. നിങ്ങൾ ദൈവത്തിന്റെ ഉടമ്പടിയിൻകീഴിൽ ജീവിക്കണം. നിങ്ങളുടെ അനുഭൂതികളുടെയോ, കുറ്റബോധത്തിന്റെയോ, ഏതെങ്കിലും സാഹചര്യത്തിന്റെയോ കീഴിൽ ജീവിക്കരുത്. ആകാശം മേഘാവൃതമാകുമ്പോൾ, ദൈവം ഒരു മഴവില്ല് അയയ്ക്കുമെന്ന് ദൈവത്തിന്റെ നിയമം പ്രഖ്യാപിക്കുന്നു.

നിങ്ങൾ മഴവില്ല് കാണുമ്പോൾ, ജലപ്രളയം വരുകയില്ലെന്ന് നിങ്ങൾക്ക് അറിയാം. നിങ്ങളുടെ ഭാര്യയോ, ഭർത്താവോ രണ്ട് ആഴ്ചത്തേക്ക് സന്തുഷ്ടർ ആയിരിക്കുകയും പെട്ടെന്ന് ആകാശം മേഘാവൃതമാകുകയും ചെയ്യുമ്പോൾ, അത് നിങ്ങൾ വിശ്വസിക്കരുത്. "കർത്താവേ മഴവില്ല് അയയ്ക്കേണമേ" എന്ന് നിങ്ങൾ പറയണം. നിങ്ങളുടെ ഭർത്താവിന് മനോനില നഷ്ടപ്പെടും എന്ന് നിങ്ങൾ വിശ്വസിക്കരുത്, പിന്നെയോ, "കർത്താവേ, നീ വിശ്വസ്തനാണ്. മേഘത്തെ നീക്കുവാനും മഴവില്ല് അയയ്ക്കുവാനും നിനക്ക് കഴിയും" എന്ന് പറയണം. നിങ്ങൾ ഇത് പറയുന്നവെങ്കിൽ, ആകാശം സ്വച്ഛമായിത്തീരും.

നിങ്ങൾ ബലഹീനനാണെന്ന് വിശ്വസിക്കരുത്. അത് സാത്താന്റെ ഭോഷ്കാണ്. നിങ്ങളുടെ മനോനില നഷ്ടപ്പെടുമെന്ന്, നിങ്ങൾ വിഴുമെന്ന്, വിശ്വസിക്കരുത്. നിങ്ങൾ പ്രതിലോമമായിട്ടുള്ളത് വിശ്വസിക്കുകയും അത് സംസാരിക്കുകയും ചെയ്യുമ്പോൾ, അത് സംഭവിക്കും. അപ്രകാരമുള്ള പ്രവചനങ്ങൾ തീർച്ചയായും നിറവേറും. നിങ്ങൾ ചിലത് ഭയപ്പെടുകയും അതിനെക്കുറിച്ച് പ്രവചിക്കുകയും ചെയ്യുമ്പോൾ അത് സംഭവിക്കും. നിങ്ങളുടെ ബലഹീനതകളെ വിശ്വസിക്കരുത്. നിങ്ങൾ അവയെ വിശ്വസിക്കുന്നുവോ? നിങ്ങൾ ഇപ്പോൾ ജീവിക്കുന്നത് നിങ്ങളുടെ ബലഹീനതകളുടെ കീഴിലാണോ അതോ ദൈവത്തിന്റെ ഉടമ്പടിയിൻ കീഴിലാണോ? ആകമാന പുതിയനിയമത്തെ ഒരു പുതിയനിയമം എന്ന് വിളിച്ചിരിക്കുന്നു. ഒരു നിയമം ഒരു ഉടമ്പടിയെക്കാൾ നല്ലതാണ്. നമുക്ക് ഇരുപത്തിയേഴ് പുസ്തകങ്ങളടങ്ങിയ ഒരു നിയമം, ഇരുപത്തിയേഴ് പുസ്തകങ്ങളടങ്ങിയ ഒരു ഉടമ്പടി ഉണ്ട്. "ഇപ്പോൾ ക്രിസ്തു യേശുവിൽ ഉള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല" (റോമ.8:1) എന്ന് ഈ ഉടമ്പടി പറയുന്നു. "എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" (2 കൊരി. 12:9) എന്ന് ഈ ഉടമ്പടി പറയുന്നു. നിങ്ങൾ ഇത് വിശ്വസിക്കുന്നുവോ? നാം ഇത് വിശ്വസിക്കുന്നുവെങ്കിൽ, "ആമേൻ" എന്ന് നാം ശക്തമായി പറയണം. "ക്രിസ്തു...മരണത്തെ നീക്കി" (2 തിമൊ. 1:10) എന്നും ഈ ഉടമ്പടി പറയുന്നു. നിങ്ങൾ ഇത് വിശ്വസിക്കുന്നുവോ? നിങ്ങളെത്തന്നെ നോക്കരുത്—ക്രിസ്തുവിനെ നോക്കുക. നിങ്ങളെത്തന്നെ നോക്കുമ്പോഴെല്ലാം, നിങ്ങൾ വിറയ്ക്കും. നമ്മിൽത്തന്നെ ജീവിക്കാതെ ദൈവത്തിന്റെ ഉടമ്പടിയിൻ കീഴിൽ നാം ജീവിക്കണം. നമുക്ക് ഒരു ഉടമ്പടി ഉണ്ട്! ദൈവം നോഹയോട് ചെയ്തതായ ഉടമ്പടി ദൈർഘ്യം കുറഞ്ഞതായിരുന്നു, ഏറിയാൽ ദൈർഘ്യത്തിൽ പകുതി അധ്യായമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ നമ്മുടെ ഉടമ്പടിക്ക് ഇരുപത്തിയേഴ് പുസ്തകങ്ങളുണ്ട്. നിങ്ങൾ ബലഹീനനാണോ? "അല്ല, ഞാൻ മേലാൽ ബലഹീനനല്ല, കാരണം ക്രിസ്തുയേശുവിലുള്ള കൃപയിൽ എനിക്ക് ബലപ്പെടുവാൻ കഴിയുമെന്ന്" ഉടമ്പടി എന്നോട് പറയുന്നു (2 തിമൊ. 2:1). "അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും" (2 കൊരി. 12:9) എന്ന് നിങ്ങൾ പറയണം. ആത്മീയമായി പറഞ്ഞാൽ, ഒരു ശിശുവായിരിക്കുമ്പോൾ, ഞാൻ പഠിച്ചതായ ഒരു പാട്ടുണ്ട്: "യേശു സ്നേഹിക്കുന്നെന്നെ—എന്നെനിക്കറിയാം,

കാരണം വേദപുസ്തകം അങ്ങനെ പറയുന്നു! ഇടറിപ്പോകാതെന്നെ കാക്കും—എന്നെനിക്കറിയാം, കാരണം വേദപുസ്തകം അങ്ങനെ പറയുന്നു" (യൂദാ 24). ഇത് പറയുവാനുള്ള ധൈര്യം നിങ്ങളിൽ ചിലർക്ക് ഇല്ലായിരിക്കാം. ഇത് അത്യധികമാണ്, "ഇടറിപ്പോകാതെന്നെ കാക്കും എന്നെനിക്കറിയാം എന്ന് എങ്ങനെ നിങ്ങൾക്ക് പറയുവാൻ കഴിയും? എന്ന് ചോദിച്ചേക്കാം. "ഇതു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നില്ല. ഇന്ന് രാത്രിയിൽ ഞാൻ അതു പറഞ്ഞാൽ, തീർച്ചയായും നാളെ ഞാൻ പരാജയപ്പെടും" എന്ന് നിങ്ങൾ പറഞ്ഞേക്കാം. അതെ, നിങ്ങൾ പരാജയപ്പെടും, കാരണം നിങ്ങൾ പരാജയപ്പെടുമെന്ന് നിങ്ങൾ തന്നെ പ്രവചിച്ചു. ദൈവത്തിന്റെ ഉടമ്പടിയിൻ കീഴല്ല, നിങ്ങളുടെ അനുഭൂതികളിൻ കീഴിൽ നിങ്ങൾ ജീവിക്കുന്നതുകൊണ്ട് നിങ്ങൾ വീഴും.

"ഇനിയും ജലപ്രളയമില്ല, ഇനിയും വെള്ളത്താലുള്ള ന്യായവിധിയില്ല" എന്ന് ദൈവം തന്റെ ഉടമ്പടിയിൽ പറയുന്നു. ആ സമയത്ത് നിങ്ങൾ അവിടെ ഉണ്ടായിരുന്നുവെങ്കിൽ, "ആമേൻ" എന്ന് നിങ്ങൾ പറയുമായിരുന്നുവോ? "ആമേൻ" എന്ന് ഞാൻ വീണ്ടുംവീണ്ടും പറയുമായിരുന്നു. നോഹ മേഘങ്ങൾ കണ്ടപ്പോൾ, അവന് ഭയപ്പെടേണ്ട ആവശ്യമില്ലായിരുന്നു, കാരണം മഴവില്ല് വരുമെന്ന് അവന് അറിയാമായിരുന്നു. അതുകൊണ്ട്, കോപത്തിന്റെ മേഘം ഉയരുമ്പോൾ, നിങ്ങൾക്ക് ഇങ്ങനെ പറയാം, "കർത്താവേ, എന്റെ മനോനില നഷ്ടപ്പെടുകയില്ല. മഴവില്ല് അയയ്ക്കണമേ. മേഘത്തെ ഞാൻ കാര്യമാക്കുന്നില്ല—മഴവില്ല് ഞാൻ കാര്യമാക്കുന്നു." ആകാശം ഇരുണ്ടിരിക്കുന്നു; മേഘം ഏറെയാണ്, എന്നാൽ നിറപ്പകിട്ടുള്ള മഴവില്ല് വന്നുകൊണ്ടിരിക്കുന്നു. മഴവില്ലിനെ നോക്കുക. നിങ്ങൾ ഇതു പറയുമ്പോൾ, വിശ്വാസത്താൽ ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ നിങ്ങൾ വിളിക്കുന്നു. ഈ വിശ്വാസം നിങ്ങളുടെ ഭാവനയ്ക്കൊത്തവണ്ണമുള്ള വിശ്വാസം അല്ല; അത് ദൈവത്തിന്റെ എഴുതപ്പെട്ട ഉടമ്പടിയുടെ ഇരുപത്തിയേഴ് പുസ്തകങ്ങൾ അനുസരിച്ചുള്ളതാണ്.

ജലപ്രളയത്തിനുശേഷം, എട്ടു വ്യക്തികൾ ഉടമ്പടിയിൻ ജനം ആയിത്തീർന്നു. അവർ ഉടമ്പടി ജനം ആയിരുന്നു. സഭാജീവിതത്തിൽ, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ, നാം ഉടമ്പടി ജനമാണ്. നമുക്ക് ഒരു ഉടമ്പടി ഉണ്ട്. നാം നമ്മുടെ ഏതെങ്കിലും ബോധ്യങ്ങളുടെയോ ആലോചനകളുടെയോ ഭോഷ്കുകളുടെയോ കീഴിലല്ല ജീവിക്കുന്നത്; നാം ജീവിക്കുന്നത് ദൈവത്തിന്റെ ഉടമ്പടിയിൻ കീഴിലാണ്. നാം ഇപ്പോൾ ജീവിക്കുന്നത് പുതിയനിയമത്തിൻ കീഴിലാണ്. നിങ്ങൾ ബലഹീനനാണോ? നിങ്ങൾ മനോനില നഷ്ടപ്പെടുവാനോ, നിങ്ങൾ ഭാര്യയെ അടിക്കുവാനോ, ലോകത്തെ സ്നേഹിക്കുവാനോ പോകുകയാണോ? "അല്ല, വേദപുസ്തകം അങ്ങനെ പറയുന്നു," എന്ന് നിങ്ങൾക്ക് പറയാം. ദൈവത്തിന്റെ ഉടമ്പടിയിലുള്ള വാഗ്ദാനങ്ങൾ നിമിത്തം നിങ്ങൾ സുരക്ഷിതരും ഉറപ്പുള്ളവരും സംരക്ഷിക്കപ്പെട്ടവരും ആണ്. ഈ വാഗ്ദാനങ്ങൾ വലുതും വിലയേറിയവയും ആണ്; നാം ദിവ്യസ്വഭാവത്തിന് പങ്കാളികളും ആണ്; നാം ലോകത്തിൻ മോഹത്താലുള്ള ദുഷിപ്പിൽനിന്ന് രക്ഷപ്രാപിക്കുന്നു (2 പത്രൊ. 1:4).

ദൈവം തന്റെ ഉടമ്പടി കാക്കുന്നതിൽ വിശ്വസ്തനാണെന്നുള്ളതിന് അടയാളമായ മഴവില്ലോടുകൂടെ

ഉടമ്പടിയുടെ അടയാളമായി ദൈവം മേഘത്തിന്മേൽ സ്ഥാപിച്ച മഴവില്ലിന്റെ സൂചിതാർത്ഥം എന്താണ് (9:12-17)? അത് ദൈവത്തിന്റെ വിശ്വസ്തതയെ സൂചിപ്പിക്കുന്നു. ദൈവത്തിന്റെ വിശ്വസ്ഥതയാണ് മഴവില്ല്. വേദപുസ്തകത്തിന്റെ അവസാനത്തെ പുസ്തകമായി വെളിപ്പാട് പുസ്തകത്തിൽ, അപ്പൊസ്തലനായ യോഹന്നാൻ, ദൈവം ഒരു സിംഹാസനത്തിൽ ഇരിക്കുന്നതായി കണ്ടു; സിംഹാസത്തിനു ചുറ്റും ഒരു മഴവില്ല് ഉണ്ടായിരുന്നു (വെളി. 4:3). വേദപുസ്തകത്തിന്റെ അവസാനത്തെ പുസ്തകമായ വെളിപ്പാട് വേദപുസ്തകത്തിന്റെ ആരംഭത്തിലേക്ക് നമ്മെ എപ്പോഴും കൊണ്ടുവരുന്നു. വേദപുസ്തകത്തിലെ ആദ്യത്തെ പുസ്തകത്തിൽ ഒരു മഴവില്ല് ഉണ്ടായിരുന്നു; അവസാനത്തെ പുസ്തകത്തിലും നാം ഒരു മഴവില്ല് കാണുന്നു. ദൈവത്തിന്റെ വിശ്വസ്തത എന്നേക്കും നിലനില്ക്കുന്നു. തന്റെ സ്വഭാവം ത്യജിക്കുവാൻ അവന് കഴിയുകയില്ല. അവൻ സംസാരിച്ചുകഴിഞ്ഞാൽ, തന്റെ വാക്ക് അവൻ കാക്കുന്നു. അവൻതന്നെ വിശ്വസ്തനാണ്. "തന്റെ പുത്രനായ, നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്ക് തന്നിലൂടെ നിങ്ങളെ വിളിച്ച ദൈവം വിശ്വസ്തൻ." എന്ന് 1 കൊരിന്ത്യർ 1:9 പറയുന്നു. "നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു" എന്ന് 1യോഹന്നാൻ 1:9 പറയുന്നു. ദൈവം വിശ്വസ്തനാണ്.

ഏതിനോടാണ് ദൈവം വിശ്വസ്തൻ? താൻ പറയുന്നതിനോട് അവൻ വിശ്വസ്തനാണ്. തന്റെ വചനത്തോട് അവൻ വിശ്വസ്തനാണ്; അവന്റെ വചനം നിയമം, ഉടമ്പടി ആണ്. ഉടമ്പടി ദൈവവചനം തന്നെയാണ്. ദൈവം താൻ പറയുന്നതിലെല്ലാം വിശ്വസ്തനാണ്. ഇതാണ് മഴവില്ല്. മേഘം വരുമ്പോഴെല്ലാം, ദൈവത്തിന്റെ വിശ്വസ്ത വരുവാനായി നാം പ്രാർത്ഥിക്കണം. അതിന്റെ അർത്ഥം നിങ്ങൾ മഴവില്ലിനെ വിളിച്ചുവരുത്തുക എന്നാണ്. നിങ്ങൾ ബലഹീനനാണ് എന്ന് നിങ്ങൾക്ക് തോന്നുമ്പോഴെല്ലാം, ദൈവത്തിന്റെ വിശ്വസ്തത നിങ്ങൾ ആവശ്യപ്പെടണം. "ദൈവമേ, നീ വിശ്വസ്തനാണ്. ഞാൻ ബലഹീനനാണ്. എന്നാൽ നിന്റെ വചനപ്രകാരം എന്നെ ശക്തനാക്കണം" എന്നു പറയണം. ജലപ്രളയം വരുകയില്ല എന്ന നിയമിതമായ അടയാളമായുള്ള ദൈവത്തിന്റെ വിശ്വസ്തതയോടുകൂടെ ഉടമ്പടിയിൻകീഴിൽ ആണ് നാം ജീവിക്കുന്നത്. ഇതാണ് സഭാജീവിതം.

ക്രിസ്തീയ ജീവിതവും സഭാജീവിതവും പൂർണമായും ഒരു ഉടമ്പടി ജീവിതമാണ്. നാം ഉടമ്പടിയിൻ കീഴിലാണ്. പുതിയനിയമത്തിലെ ഓരോ വാക്യത്തിലും ദൈവത്തിന്റെ വാഗ്ദാനങ്ങൾ നാം കാണുന്നു. ഞാൻ വളരെ അനുഭവമാക്കിയതായ അവയിൽ ഒന്ന് നിങ്ങൾക്ക് നല്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. "മനുഷ്യനു പൊതുവായിട്ടുള്ളതല്ലാതെ ഒരു പരീക്ഷയും നിങ്ങൾ

നേരിട്ടിട്ടില്ല: ദൈവം വിശ്വസ്തൻ, നിങ്ങൾക്ക് കഴിയുന്നതിനപ്പുറം പരീക്ഷിക്കപ്പെടുവാൻ അനുവദിക്കാതെ പരീക്ഷയോടൊപ്പം അതിനെ സഹിക്കുവാൻ കഴിയേണ്ടതിനു പുറത്തേക്കുള്ള വഴിയും ഉണ്ടാക്കും." (1 കൊരി. 10:13). നിങ്ങൾ നേരിടുന്ന ഓരോ സാഹചര്യത്തിനുംവേണ്ടി ഒരു വാക്യമുണ്ട്. ദൈവത്തിന്റെ ഉടമ്പടിയെ നിങ്ങൾ മുറുകെപിടിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് എന്തുസംഭവിച്ചാലും, വിശ്വസിക്കാവുന്നതും ആശ്രയിച്ച് ജീവിക്കുവാൻ കഴിയുന്നതുമായ ജീവനുള്ള വാഗ്ദാനമായി ഒരു വാക്യമുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ എനിക്ക് കഴിയും. ദൈവത്തിന്റെ ഉടമ്പടിയിൻകീഴിൽ ജീവിക്കുവാൻ നാം പഠിക്കണം. നമ്മുടെ ബോധ്യങ്ങളുടെയും അനുഭൂതികളുടെയും സാഹചര്യങ്ങളുടെയും മേഘങ്ങൾ നമ്മെ ഭീഷണിപ്പെടുത്തരുത്. നാം ദൈവത്തിന്റെ ഉടമ്പടിയിൻകീഴിൽ, പൂർണമായും അവന്റെ അനുഗ്രഹത്തിൻകീഴിൽ ആണ്. ഇനിമേൽ ശിക്ഷാവിധിയില്ല, ഇനിമേൽ ന്യായവിധിയില്ല, ഇനിമേൽ ശാപമില്ല. മരണം നീങ്ങിപ്പോയിരിക്കുന്നു. സഭയിൽ നാം തുടർച്ചയായി ജീവൻ ആസ്വദിക്കുന്നു. ഓരോന്നും ജീവനാണ്. നിങ്ങളുടെ തൊഴിലോ നിങ്ങളുടെ ആരോഗ്യമോ നഷ്ടപ്പെടുന്നതിനെക്കുറിച്ച് ഭയപ്പെടരുത്. ഇരുണ്ടതോ പ്രതിലോമമോ ആയ ഒരു കാര്യവും നമ്മെ ഭീഷണിപ്പെടുത്തരുത്. നാം ഉടമ്പടി ചെയ്യപ്പെട്ട ജനമാണ്; ഏതു സാഹചര്യത്തെയും നേരിടുവാൻ നമുക്ക് ഒരു വാഗ്ദാന വാക്യമുണ്ട്. നാം ഉടമ്പടിയിൻ കീഴിൽ നിലകൊള്ളുകയും യാതൊരു തോൽവിയിലും ബലഹീനതയിലും ഇരുളിലും പ്രതിലോമ കാര്യത്തിലും വിശ്വസിക്കാതിരിക്കുകയും ചെയ്യണം. നമ്മുടെ ദൈവകല്പിതം രക്തം തളിച്ചിരിക്കുന്നതായ ഉടമ്പടിയിൻ കീഴിലാണ്. ഹാലേലൂയ്യാ, നാം ഉടമ്പടി ജനമാണ്! കാർമേഘമില്ല, ജലപ്രളയമില്ല— അനുഗ്രഹം മാത്രമേ ഉള്ളൂ. സഭാജീവിതം ഇപ്രകാരമുള്ള ഒരു ജീവിതമാണ്; സഭാജനം ഉടമ്പടിയിൽകീഴിലുള്ള ഒരു ജനമാണ്. നമ്മെ ഉടമ്പടിയിൻ സഭ എന്ന് വാസ്തവത്തിൽ വിളിക്കാം. (Life-study of Genesis, pp. 433-437)

ദൈവത്തിന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവയുടെ ആവശ്യകതകൾ

ദിവ്യ സദ്ഗുണങ്ങളിൽ മൂന്നെണ്ണം — നീതി, വിശുദ്ധി, തേജസ്സ് — നമ്മുടെ മേൽ ആവശ്യകതകൾ ചുമത്തുന്നു. നീതി പാപത്തിനെതിരായതാണ്. ദൈവത്തിന്റെ നീതിയുടെ ആവശ്യകതയെക്കുറിച്ച് നമുക്കെല്ലാവർക്കും തിരിച്ചറിവുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ ദൈവത്തിന്റെ വിശുദ്ധിയുടെയും തേജസ്സിന്റെയും ആവശ്യകതകളെക്കുറിച്ച് നമുക്ക് ഗ്രാഹ്യമില്ലായിരിക്കാം; തേജസ്സ് ദൈവത്തിന്റെ ആവശ്യകതകളിൽ ഒന്നാണെന്ന് നമുക്ക് ഒരു തിരിച്ചറിവും ഉണ്ടാകണമെന്നില്ല. റോമർ 3:23-ൽ നാമെല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി എന്ന് പൗലൊസ് ചൂണ്ടിക്കാണിക്കുന്നു. ഇതിനർത്ഥം ദൈവതേജസ്സിന്റെ ആവശ്യകത നാം നിറവേറ്റിയിട്ടില്ല എന്നാണ്.

മനുഷ്യൻ വീണ ഉടനെ ദൈവത്തിന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവയുടെ ആവശ്യകതകൾ സന്ധിക്കുവാൻ അവനു കഴിഞ്ഞില്ല എന്ന് ഉല്പത്തി 3:24 സൂചിപ്പിക്കുന്നു. ഈ വാക്യം പറയുന്നത്, ദൈവം ഏദൻ തോട്ടത്തിന്റെ കിഴക്ക്

കെരൂബുകളെ പ്രതിനിധാനം ചെയ്യുകയും ജീവവൃക്ഷത്തിലേക്കുള്ള വഴി കാക്കാൻ എല്ലാ ദിശകളിലേക്കും തിരിയുന്ന ഒരു ജ്വാലയുള്ള വാൾ സ്ഥാപിക്കുകയും ചെയ്തു എന്നാണ്. വാൾ ദൈവത്തിന്റെ നീതിയെ സൂചിപ്പിക്കുന്നു; ജ്വാല ദൈവത്തിന്റെ വിശുദ്ധിയെയും; കെരൂബുകൾ ദൈവത്തിന്റെ തേജസിനെയും സൂചിപ്പിക്കുന്നു. വാൾ കൊല്ലുന്നു, തീ ദഹിപ്പിക്കുന്നു, കെരൂബുകൾ നിരീക്ഷിക്കുന്നു. മനുഷ്യൻ വീണു പാപിയായതിനാൽ, ജീവവൃക്ഷത്തിലേക്കുള്ള വഴി ദൈവത്തിന്റെ നീതി, വിശുദ്ധി, മഹത്വം എന്നിവയാൽ തടയപ്പെട്ടു. ക്രിസ്തുവിന്റെ വീണ്ടെടുപ്പിലൂടെ ദൈവത്തിന്റെ നീതി, വിശുദ്ധി, മഹത്വം എന്നിവയുടെ ആവശ്യകതകൾ നിറവേറ്റപ്പെട്ടു, ജീവവൃക്ഷത്തിലേക്കുള്ള വഴി വീണ്ടും തുറക്കപ്പെട്ടു എന്നതിന് കർത്താവിനെ സ്തുതിക്കുക. മനുഷ്യന് ദൈവവുമായി ശരിയായ ബന്ധം ഉണ്ടാകണമെങ്കിൽ, ഈ മൂന്ന് ആവശ്യകതകളും നിറവേറ്റേണ്ടതുണ്ട്.

മൂന്ന് ഭാഗങ്ങൾ

ദൈവത്തിന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവയാണ് റോമർക്കെഴുതിയ ലേഖനത്തിന്റെ അടിസ്ഥാന ഘടന. റോമർക്കെഴുതിയ ലേഖനത്തെ പല ഭാഗങ്ങളായി തിരിക്കാം. ആമുഖം (1:1-17), ന്യായവിധി (വാക്യം 18—3:20) എന്നീ ഭാഗങ്ങൾക്ക് ശേഷം, നീതീകരണം (വാ. 21—5:11), വിശുദ്ധീകരണം (വാ. 12—8:13), തേജസ്കരണം (വാ. 14-39) എന്നിവയെക്കുറിച്ചുള്ള ഭാഗങ്ങൾ ഉണ്ട്. ഈ ഭാഗങ്ങൾ യഥാക്രമം ദൈവത്തിന്റെ നീതി, വിശുദ്ധി, മഹത്വം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ, ഈ മൂന്ന് ദിവ്യ സദ്ഗുണങ്ങളും റോമർക്കെഴുതിയ ലേഖനത്തിന്റെ ഘടനയുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഈ മൂന്ന് ഭാഗങ്ങളിൽ ഏതിലാണ് ഇന്ന് നാം? ശരിയായ ഉത്തരം നാം വിശുദ്ധീകരണ ഭാഗത്തിലാണ് എന്നതാണ്. നാം നീതീകരണത്തിലൂടെ കടന്നുപോയി, എന്നാൽ ഇതുവരെ തേജസ്കരണത്തിൽ എത്തിയിട്ടില്ല. ഭൂമിയിലെ നമ്മുടെ മുഴുവൻ ക്രിസ്തീയ ജീവിതവും വിശുദ്ധീകരണത്തിന്റെ ഭാഗത്ത് ചെലവഴിക്കുവാൻ നാമെല്ലാവരും വിധിക്കപ്പെട്ടവരാണ്. അമ്പത് വർഷത്തിലേറെയായി ഞാൻ ഈ ഭാഗത്തിലുണ്ട്. ഈ ഭാഗത്ത് നിങ്ങൾ ചെലവഴിക്കേണ്ട സമയദൈർഘ്യത്തെക്കുറിച്ച് നിരാശപ്പെടരുത്. നിങ്ങൾക്ക് സമയം ദീർഘമായി തോന്നിയേക്കാം, പക്ഷേ ആയിരം വർഷം ഒരു ദിവസം പോലെയായ കർത്താവിന് അത് അങ്ങനെയല്ല (2 പത്രോ. 3:8). തേജസ്കരണത്തിന്റെ ഭാഗത്ത് നാം ഇതുവരെ എത്തിയിട്ടില്ലെങ്കിലും, വിശുദ്ധീകരണത്തിന്റെ ഭാഗത്തായിരിക്കുമ്പോൾ തന്നെ നമുക്ക് തേജസ്കരണത്തിന്റെ ഒരു ഭാഗം ആസ്വദിക്കാൻ കഴിയും. തേജസ്കരണത്തിന്റെ മുൻരുചി, അല്ലെങ്കിൽ ആദ്യഫലങ്ങൾ, നമുക്ക് ആസ്വദിക്കാൻ കഴിയും. ചിലപ്പോൾ ഞാൻ കർത്താവിനോടൊപ്പം തനിച്ചായിരിക്കുമ്പോൾ, വരാനിരിക്കുന്ന തേജസ്കരണത്തിന്റെ ഒരു മുൻരുചി ഞാൻ അനുഭവമാക്കുന്നു. ഓരോ ശരിയായ ക്രിസ്ത്യാനിക്കും ഇതുപോലുള്ള അനുഭവങ്ങൾ ഉണ്ടായിരിക്കണം.

ദൈവത്തിന്റെ പകർച്ച അവന്റെ നീതിക്കനുസരിച്ചായിരിക്കണം. ക്രിസ്തു ജഡരക്തങ്ങളുള്ള ഒരു മനുഷ്യനായി മാറിയിരുന്നില്ലെങ്കിൽ, നമ്മുടെ പാപങ്ങൾ

നീക്കാൻ അവൻ ക്രൂശിൽ മരിച്ചിരുന്നില്ലെങ്കിൽ, ദൈവത്തിന് തന്നെത്തന്നെ നമ്മിലേക്ക് പകർന്നുനൽകുവാൻ അസാധ്യമാകുമായിരുന്നു. ചിലർ ഇത് കേൾക്കുമ്പോൾ, അവർ വാദിച്ചേക്കാം, "ഇങ്ങനെ പറയുന്നത് വളരെ നിയമപരവും കർശനവുമാണ്. ദൈവം സ്നേഹമാണെന്ന് നിങ്ങൾക്കറിയില്ലേ? അവൻ അത്ര കർശനനും നിയമാനുസൃതനുമല്ല. പിതാവായ ദൈവം എന്നെ സ്നേഹിക്കുന്നതിനാൽ, ഞാൻ എത്ര പാപിയാണെങ്കിലും അവന് എന്റെ അടുക്കൽ വന്ന് എനിക്ക് തന്നെത്തന്നെ പകർന്നുനൽകുവാൻ കഴിയും." അത്തരമൊരു ആശയം ദൈവം നീതിമാനായ ഒരു ദൈവമാണെന്ന വസ്തുതയെ അവഗണിക്കുന്നു. അത്തരമൊരു നീതിമാനെന്ന നിലയിൽ, അവൻ നമ്മിൽ ആരെക്കാളും കൂടുതൽ കർശനനും നിയമാനുസൃതനുമാണ്.

അതെ, ദൈവം പിതാവാണ്, അവൻ നമ്മെ സ്നേഹിക്കുന്നു. എന്നിരുന്നാലും, ലൂക്കൊസ് 15-ലെ ഉപമകൾ അനുസരിച്ച്, നമുക്ക് നേരിട്ട് പിതാവിന്റെ അടുക്കൽ വരാൻ കഴിയില്ല. ധൂർത്ത പുത്രന് തന്നെ അന്വേഷിക്കാനും കണ്ടെത്താനും ഇടയനെ (പുത്രനെ) ആവശ്യമാണ്, ഉണരുവാനും മാനസാന്തരപ്പെടുവാനും പിതാവിന്റെ അടുക്കൽ വീട്ടിലേക്ക് മടങ്ങാൻ തീരുമാനിക്കുവാനും അവനെ പ്രകാശിപ്പിക്കുവാൻ സ്ത്രീയെ (ആത്മാവിനെ) ആവശ്യമാണ്. പുത്രന്റെ അന്വേഷണത്തിലൂടെയും കണ്ടെത്തലിലൂടെയും ആത്മാവിന്റെ പ്രകാശനത്തിലൂടെയും മാത്രമേ പാപികൾക്ക് പിതാവിന്റെ അടുക്കലേക്ക് മടങ്ങാൻ കഴിയുകയുള്ളൂ. പുത്രന്റെ വീണ്ടെടുപ്പും ആത്മാവിന്റെ പ്രകാശനവും ഇല്ലാതെ, നമുക്ക് അവന്റെ അടുക്കലേക്ക് വീട്ടിലേക്ക് വരുവാൻ കഴിയില്ല. കൂടാതെ, പുത്രൻ നമുക്കുവേണ്ടി മരിച്ചില്ലെങ്കിൽ, പിതാവിന് നമ്മെ സ്വീകരിക്കുവാൻ അടിത്തറ ഉണ്ടാകില്ല. എന്നിരുന്നാലും, തന്റെ പുത്രന്റെ വീണ്ടെടുപ്പിൻ മരണം കാരണം, ക്രിസ്തുവിലൂടെ തന്നിലേക്ക് വരുന്ന എല്ലാവരെയും സ്വീകരിക്കുവാൻ പിതാവിന് അടിത്തറയുണ്ട്. പിതാവ് നമ്മെ സ്വീകരിക്കുന്നത് അവന്റെ നീതിക്കനുസൃതമായിരിക്കണമെന്ന് ഇത് സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ ജഡാവതാരവും ക്രൂശ്മരണവും കൂടാതെ, നീതിമാനായ ദൈവത്തിന് നമ്മെ സ്വീകരിക്കുവാനും നമ്മിലേക്ക് തന്നെത്തന്നെ പകർന്നു നൽകുവാനും ഒരു മാർഗവുമില്ല. ദൈവം തന്റെ നീതിയുടെ ആവശ്യകത നിറവേറ്റാതെ തന്നെത്തന്നെ നമ്മിലേക്ക് പകർന്നു നൽകിയാൽ, അവൻ തന്നെത്തന്നെ ഒരു അനീതിയുള്ള സ്ഥാനത്ത് നിർത്തും. അതിനാൽ, ത്രിയേക ദൈവത്തിന്റെ പകർച്ച അവന്റെ നീതിക്കനുസൃതമായിരിക്കണം.

നമ്മുടെ പാപം നിമിത്തം നാം മരിക്കണമെന്ന് ദൈവത്തിന്റെ നീതി ആവശ്യപ്പെട്ടു. എന്നിരുന്നാലും, നാം മരിച്ചിരുന്നെങ്കിൽ, നാം നശിച്ചുപോകുമായിരുന്നു. നാം നശിച്ചുപോകാൻ ദൈവം ആഗ്രഹിക്കാത്തതിനാൽ, അവൻ ക്രിസ്തുവിനെ നമ്മുടെ പകരക്കാരനായി നൽകി. ദൈവത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ദൈവത്തിന്റെ നീതിയനുസരിച്ച് ക്രിസ്തു നമുക്കുവേണ്ടി കുരിശിൽ മരിച്ചു. ക്രിസ്തുവിന്റെ ക്രൂശ്മരണത്തിന്റെ ഉദ്ദേശ്യം നാം മരിക്കുമ്പോൾ സ്വർഗ്ഗത്തിലേക്ക്

പോകാൻ നമ്മെ പ്രാപ്തരാക്കുക എന്നതായിരുന്നില്ല; ദൈവത്തിന്റെ നീതിയുള്ള ആവശ്യകതകൾ നിറവേറ്റുക എന്നതായിരുന്നു, അങ്ങനെ അവന് തന്നെത്തന്നെ നമ്മിലേക്ക് പകർന്നുനൽകുവാൻ കഴിയും.

ഒരു ഗ്ലാസിലേക്ക് ജ്യൂസ് ഒഴിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെന്ന് കരുതുക, പക്ഷേ ഗ്ലാസ് വൃത്തിയുള്ളതല്ലെന്ന് നിങ്ങൾ കണ്ടെത്തുന്നു. നിങ്ങൾ ഒരു വൃത്തിയില്ലാത്ത ഗ്ലാസ്സിൽ ജ്യൂസ് നിറച്ചാൽ, ജ്യൂസ് കുടിക്കാൻ യോഗ്യമായിരിക്കില്ല. അതിനാൽ, ഗ്ലാസ്സിലേക്ക് ജ്യൂസ് ഒഴിക്കുന്നതിനുമുമ്പ്, നിങ്ങൾ ആദ്യം ഗ്ലാസ് വൃത്തിയാക്കണം. അതുപോലെ, ദൈവം നമ്മിലേക്ക് വരുന്നതിനുമുമ്പ്, അവന്റെ പുത്രൻ ഒരു മനുഷ്യനായിത്തീർന്നു, നമുക്കുവേണ്ടി കുരിശിൽ മരിച്ചു, നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ കഴുകുവാൻ തന്റെ രക്തം ചൊരിഞ്ഞു. ഇത് നമ്മെ ശുദ്ധീകരിച്ച പാത്രങ്ങളാക്കി, ത്രിയേക ദൈവത്താൽ നിറയുവാൻ തയ്യാറായി. ദൈവം നമ്മിലേക്ക് തന്നെത്തന്നെ പകരുന്നതിന് മുമ്പ്, നാം ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടേണ്ടതായിട്ടുണ്ട്. ഇത് ദൈവത്തിന്റെ നീതിക്കനുസൃതമാണ്.

മരിക്കുന്നതിലൂടെ നീതിമാനായി മാറുന്നു

ദൈവത്തിന്റെ നീതിപരമായ ആവശ്യകതകളെ നിറവേറ്റുന്നതിനാണ് ക്രിസ്തു കുരിശിൽ മരിച്ചതെന്ന് നാം ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. ഇനി, ദൈവം ആഗ്രഹിക്കുന്നത് നാമും കുരിശിൽ പോയി മരിക്കണമെന്നാണെന്ന് നാം കാണണം. നാം ക്രൂശിൽ തറയ്ക്കപ്പെട്ടില്ലെങ്കിൽ, ദൈവത്തിന്റെ നീതിപരമായ ആവശ്യകതകൾ പ്രായോഗികമായ രീതിയിൽ നമ്മിൽ നിറവേറ്റുവാൻ കഴിയില്ല. നീതിമാനായ പിതാവിന്റെ ദൃഷ്ടിയിൽ, നാം കുരിശിൽ മരിക്കുന്നതിനേക്കാൾ നീതിയുള്ളതായി മറ്റൊന്നുമില്ല. നാം മരിക്കുകയാണെങ്കിൽ, നാം എല്ലാ വിധത്തിലും നീതിമാന്മാരാണ്. എന്നിരുന്നാലും, മരിക്കുവാൻ നാം വിസമ്മതിച്ചാൽ, മറ്റുള്ളവരുമായും ഭൗതിക വസ്തുക്കളുമായും ഉള്ള നമ്മുടെ ബന്ധങ്ങളിൽ നമുക്ക് നീതി ഉണ്ടായിരിക്കില്ല. നാം ആളുകളോട് അന്യായമായി പെരുമാറിയേക്കാം, നമ്മുടെ ഭൗതിക സമ്പത്തുകളെ ശരിയായി കൈകാര്യം ചെയ്യുന്നതിൽ നാം പരാജയപ്പെട്ടേക്കാം. അതിനാൽ, ദൈവമുമ്പാകെ നീതിമാന്മാരാകാൻ, നാം കഴുകപ്പെടുക മാത്രമല്ല — മരിക്കുകയും വേണം. നാം മരിക്കുമ്പോൾ, നാം സ്വയമേവ നീതീകരിക്കപ്പെടുന്നു. ഒരു ശരിയായ ക്രിസ്ത്യാനി ക്രിസ്തുവിനോടുകൂടെ മരിച്ചവനും ഈ വസ്തുതയനുസരിച്ച് ദിവസവും പെരുമാറുന്നവനുമാണ്. ഒരു വിശ്വാസി സ്വാഭാവിക രീതിയിൽ ജീവിക്കുന്നുവെങ്കിൽ, അവൻ നീതികെട്ടവനായിരിക്കും. എന്നാൽ അവൻ ക്രൂശിന്റെ മരണം അനുഭവിക്കുന്നുവെങ്കിൽ, അവൻ എല്ലാറ്റിലും, എല്ലാവരുമായും, എല്ലാ വിധത്തിലും നീതിമാനായിരിക്കും.

ദൈവം മരിച്ചവരിലേക്ക് മാത്രം അവനെത്തന്നെ പകർന്നു നൽകുന്നു

ദൈവത്തിന്റെ നീതി ക്രിസ്തുവിന്റെയും നമ്മുടെയും മരണം ആവശ്യപ്പെടുന്നു എന്ന വസ്തുതയിൽ നാം അധികം ഊന്നൽ നൽകിയിരിക്കുന്നു. ക്രിസ്തുവിന്റെ മരണത്തിൽ നാം ഉൾപ്പെട്ടിരുന്നു. അവൻ മരിച്ചപ്പോൾ, നാമും മരിച്ചു, കാരണം നാം

അവനിൽ മരിച്ചു. ദൈവത്തിന്റെ നീതിയുള്ള ആവശ്യകതകൾ നിറവേറ്റുന്നതിനായിരുന്നു ഈ സർവവും ഉൾക്കൊള്ളുന്ന മരണം. ദൈവത്തിന്റെ നീതിയുടെ ആവശ്യകതകൾ നിറവേറ്റപ്പെട്ടതിനാൽ, തന്റെ വീണ്ടെടുക്കപ്പെട്ടവരും ക്രൂശിക്കപ്പെട്ടവരുമായ ജനങ്ങളിലേക്ക് തന്നെത്തന്നെ പകർന്നു നൽകുന്നതിൽ ദൈവം നീതീകരിക്കപ്പെടുന്നു.

ദൈവത്തിന് തന്നെത്തന്നെ ഇപ്പോഴും അവരുടെ സ്വാഭാവിക ജീവനിൽ ജീവിക്കുന്ന ആളുകളിലേക്ക് പകർന്നു നൽകുവാൻ കഴിയില്ല, പിന്നെയോ മരിച്ചവരിലേക്ക് മാത്രമേ പകർന്നു നൽകുവാൻ കഴിയുകയുള്ളൂ. നിങ്ങൾ ഇപ്പോഴും സ്വാഭാവിക രീതിയിൽ ജീവിച്ചിരിക്കുകയും പാപത്തിലും ലോകത്തിലും ജീവിക്കുകയും ചെയ്യുന്നുവെങ്കിൽ, ദൈവത്തിന് തന്നെത്തന്നെ നിങ്ങളിലേക്ക് പകർന്നു നൽകുവാൻ അടിത്തറയില്ല. ക്രിസ്തുവിന്റെ മരണവും ക്രിസ്തുവിനോടൊപ്പമുള്ള നിങ്ങളുടെ മരണവും മാത്രമേ അവന്റെ നീതിയുടെ ആവശ്യകത നിറവേറ്റുകയും ദൈവത്തിന് തന്നെത്തന്നെ നിങ്ങളിലേക്ക് പകരുവാൻ നീതിപരമായി അടിത്തറ നൽകുകയും ചെയ്യുന്നുള്ളൂ. ഇത് നാം രക്ഷിക്കപ്പെട്ട സമയത്തിന് മാത്രമല്ല, കർത്താവുമായുള്ള നമ്മുടെ ദൈനംദിന അനുഭവത്തിനും ബാധകമാണ്. ത്രിയേക ദൈവത്തിന്റെ പകർച്ചയെ അനുഭവിക്കണമെങ്കിൽ, ക്രൂശിക്കപ്പെട്ട വ്യക്തികളായി നാം അവന്റെ മുമ്പാകെ നിലകൊള്ളണം. ക്രൂശിൽ ക്രിസ്തുവിനൊടൊപ്പമുള്ള നമ്മുടെ മരണത്തിന്റെ വസ്തുതയെ നാം വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും വേണം. പ്രായോഗികമായി നാം ക്രിസ്തുവിനോടൊപ്പം മരിച്ചതിനാൽ, ദൈവത്തിന് തന്റെ എല്ലാ സമ്പത്തും നമ്മിലേക്ക് പകർന്നു നൽകുവാൻ അടിത്തറ ലഭിക്കും. ഇത് അവന്റെ നീതിക്കൊത്തവണ്ണമുള്ള ദൈവത്തിന്റെ പകർച്ചയാണ്.

വിശുദ്ധിയും പുനരുത്ഥാനവും

റോമർ 6:19-ൽ പൗലൊസ് "വിശുദ്ധീകരണത്തിങ്കലേക്കുള്ള നീതി"യെക്കുറിച്ച് സംസാരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് നീതി നമ്മെ വിശുദ്ധിയിലേക്ക്, വിശുദ്ധീകരണത്തിങ്കലേക്ക് നയിക്കുന്നു എന്നാണ്. ത്രിയേക ദൈവത്തിന്റെ പകർച്ച അവന്റെ വിശുദ്ധിയിലൂടെയാണ് സംഭവിക്കുന്നത്. ദൈവത്തിന്റെ വിശുദ്ധി അവന്റെ പകർച്ചയുമായി ബന്ധപ്പെട്ടിരിക്കുന്നു. ക്രിസ്തുവിന്റെ മരണം നീതിക്കുവേണ്ടിയിട്ടുള്ളതായിരിക്കുന്നതുപോലെ, ക്രിസ്തുവിന്റെ പുനരുത്ഥാനം വിശുദ്ധിക്കു വേണ്ടിയിട്ടുള്ളതാണ്. വാസ്തവത്തിൽ, ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമ്മുടെ ഉള്ളിലെ വിശുദ്ധിയുടെ മൂലകം തന്നെയാണ്. ഈ വിശുദ്ധി നമ്മെ മുളപ്പിക്കുകയും, നമ്മെ ജനിപ്പിക്കുകയും, നമ്മെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. ഇത് പൂർണ്ണമായും ജീവന്റെ കാര്യമാണ്.

റോമർ 8:11 പറയുന്നു, "യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും." ഈ വാക്യത്തിൽ പൗലൊസ് ആദ്യം യേശുവിനെക്കുറിച്ചും പിന്നീട് ക്രിസ്തുവിനെക്കുറിച്ചും സംസാരിക്കുന്നത് ശ്രദ്ധിക്കുക. *യേശു എന്ന നാമം*

അവന്റെ മരണവുമായി ബന്ധപ്പെട്ടിരിക്കുന്നു, *ക്രിസ്തു എന്ന അഭിധാനം* പുനരുത്ഥാനവുമായും ജീവൻ നൽകുന്നതുമായും ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ, മരണം യേശുവുമായി ബന്ധപ്പെട്ടിരിക്കുന്നു, ജീവൻ നൽകുന്നത് ക്രിസ്തുവുമായി ബന്ധപ്പെട്ടിരിക്കുന്നു.

യേശുവിന്റെ മരണം ദൈവത്തിന്റെ നീതിയുടെ നിവർത്തീകരണത്തിന് ആയിരുന്നു, എന്നാൽ ക്രിസ്തുവിന്റെ പുനരുത്ഥാനം ദൈവത്തിന്റെ വിശുദ്ധിക്കായിരുന്നു. നീതി ദൈവത്തിന്റെ നടപടിക്രമമാണ്, അവൻ കാര്യങ്ങൾ ചെയ്യുന്ന രീതിയാണ്, അതേസമയം വിശുദ്ധി ദൈവത്തിന്റെ സ്വഭാവമാണ്. ദൈവത്തിന്റെ നീതിയുള്ള നടപടിക്രമം ക്രിസ്തുവിന്റെ മരണത്താൽ ഉയർത്തിപ്പിടിക്കപ്പെടുന്നു, എന്നാൽ ദൈവത്തിന്റെ സ്വഭാവം ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ നമ്മിലേക്ക് പകരപ്പെടുന്നു. ക്രിസ്തുവിന്റെ മരണത്തിലൂടെ ദൈവത്തിന്റെ നീതി ഉയർത്തിപ്പിടിക്കപ്പെടുമ്പോൾ, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ദൈവം തന്നെത്തന്നെ നമ്മിലേക്ക് പകരുവാൻ കഴിയുന്ന സ്ഥാനത്താണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമ്മിലേക്ക് വരുമ്പോൾ, അവൻ ദൈവത്തിന്റെ പ്രകൃതം നമ്മിലേക്ക് പകരുന്നു. ഈ വിശുദ്ധ സ്വഭാവം പിന്നീട് നമ്മെ മുളപ്പിക്കുകയും, നമ്മെ ജനിപ്പിക്കുകയും, നമ്മെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. നമ്മിലുള്ള ഉയിർത്തെഴുന്നേറ്റ ക്രിസ്തു നമ്മെ ജീവിപ്പിക്കുന്ന വിശുദ്ധിയുടെ ഘടകമാണ്. ഈ ഘടകം നമ്മെ മുളപ്പിക്കുകയും, നമ്മെ ജനിപ്പിക്കുകയും, പിന്നീട് നമ്മെ വിശുദ്ധീകരിക്കുകയും ചെയ്യുന്നു. ഇതാണ് വിശുദ്ധീകരണം. വിശുദ്ധീകരണത്തിൽ, നാം രക്ഷിക്കപ്പെടുമ്പോൾ തുടങ്ങി നമ്മുടെ ക്രിസ്തീയ ജീവിതത്തിലുടനീളം തുടരുന്ന ഒരു നീണ്ട പ്രക്രിയ ഉൾപ്പെടുന്നു. ഈ പ്രക്രിയയിൽ നാം രൂപാന്തരപ്പെടുകയും, ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് നാം അനുരൂപപ്പെടുകയും ചെയ്യുന്നു.

പുനരുത്ഥാനത്തിന്റെ പ്രക്രിയയിലൂടെയാണ് വിശുദ്ധീകരണം സംഭവിക്കുന്നത്. നമുക്കെല്ലാവർക്കും പുനരുത്ഥാനം ചെയ്ത ക്രിസ്തു നമ്മുടെ ഉള്ളിലുണ്ടെന്നും പുനരുത്ഥാനത്തിലൂടെയുള്ള വിശുദ്ധീകരണ പ്രക്രിയയിലൂടെ നാം കടന്നുപോകുന്നുണ്ടെന്നും എനിക്ക് ഉറപ്പുണ്ട്. ഈ പ്രക്രിയ യഥാർഥത്തിൽ ഒരു വ്യക്തിയാണ്, ഉയിർത്തെഴുന്നേറ്റ ക്രിസ്തു തന്നെയാണ്. പുനരുത്ഥാനത്തിലെ ക്രിസ്തു നമ്മുടെ വിശുദ്ധിയും നമ്മുടെ വിശുദ്ധീകരണവുമാണ്. വിശുദ്ധിയും വിശുദ്ധീകരണവും തമ്മിലുള്ള വ്യത്യാസം, വിശുദ്ധി ക്രിസ്തുവിന്റെ മൂലകത്തെ സൂചിപ്പിക്കുന്നു, അതേസമയം വിശുദ്ധീകരണം ആ മൂലകത്തിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു എന്നതാണ്. അതിനാൽ, നാം വിശുദ്ധിയുടെ പ്രക്രിയയിൽ മാത്രമല്ല, വിശുദ്ധീകരണ പ്രക്രിയയിലും ഉൾപ്പെടുന്നു. നമ്മെ വിശുദ്ധീകരിക്കുവാൻ വിശുദ്ധ മൂലകം നമ്മുടെ ഉള്ളിൽ ചലിക്കുകയും സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നു.

ആരോഹണവും തേജസ്കരണവും

റോമർക്കെഴുതിയ ലേഖനം നീതിയുടെയും വിശുദ്ധിയുടെയും സദ്ഗുണങ്ങളെ മാത്രമല്ല, തേജസ്കരണത്തിന്റെ സദ്ഗുണത്തെയും ഉൾക്കൊള്ളുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് തേജസ്കരണം ആരംഭിച്ചു, അത് അവന്റെ മടങ്ങിവരവിൽ പൂർത്തീകരിക്കപ്പെടും. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം തേജസ്കരണത്തിനുവേണ്ടിയാണ്. അതിനാൽ, ക്രിസ്തുവിന്റെ മരണം ദൈവത്തിന്റെ നീതിക്കുവേണ്ടിയാണ്, അവന്റെ പുനരുത്ഥാനം ദൈവത്തിന്റെ വിശുദ്ധിക്കുവേണ്ടിയാണ്, അവന്റെ സ്വർഗ്ഗാരോഹണം ദൈവത്തിന്റെ തേജസ്സിനുവേണ്ടിയാണ്. ക്രിസ്തു തിരിച്ചുവരുമ്പോൾ, അവന്റെ വിശുദ്ധന്മാരുടെ തേജസ്കരണം പരിണതി പ്രാപിക്കും.

ഈ ചിന്ത റോമർ 8-ൽ കാണപ്പെടുന്നു. 17-ാം വാക്യത്തിൽ, നാം ക്രിസ്തുവിനോടുകൂടെ കഷ്ടമനുഭവിക്കുന്നുവെങ്കിൽ, നാം അവനോടുകൂടെ തേജസ്സ്കരിക്കപ്പെടും എന്ന് പൗലൊസ് പറയുന്നു. 18-ാം വാക്യത്തിൽ അവൻ തുടർന്നു പറയുന്നു, "എന്തെന്നാൽ നമ്മുടെമേൽ വെളിപ്പെടുവാനിരിക്കുന്ന വരുവാനുള്ള തേജസ്സിനോടു താരതമ്യം ചെയ്യുവാൻ ഈ കാലത്തുള്ള കഷ്ടങ്ങൾ യോഗ്യമല്ല എന്ന് ഞാൻ നിരൂപിക്കുന്നു." മുഴുവൻ സൃഷ്ടിയും "ദ്രവത്വത്തിന്റെ അടിമത്തത്തിൽനിന്ന് ദൈവമക്കളുടെ തേജസ്സിന്റെ സ്വാതന്ത്ര്യത്തിലേക്ക് സ്വതന്ത്രമാക്കപ്പെടും എന്ന പ്രത്യാശയിൽ" ആകാംക്ഷയോടെ കാത്തിരിക്കുന്നു (വാക്യം 21). 30-ാം വാക്യത്തിൽ, ദൈവം മുൻനിയമിച്ച, വിളിച്ച്, നീതീകരിച്ചവരെ അവൻ തേജസ്കരിക്കുന്നുവെന്ന് പൗലൊസ് പറയുന്നു. നാം വിശുദ്ധീകരിക്കപ്പെടുന്നതുപോലെ, നാം തേജസ്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. വിശദീകരണത്തോടൊപ്പം നാം തേജസ്കരണത്തിന്റെ ഒരു മുൻരുചി ആസ്വദിക്കുന്നു.

ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തോടെയാണ് തേജസ്കരണം ആരംഭിച്ചതെന്ന് നാം ചൂണ്ടിക്കാണിച്ചുകഴിഞ്ഞു. ക്രിസ്തുവിൽ വിശ്വസിക്കുന്നവരെന്ന നിലയിൽ, നാം ക്രിസ്തുവിനൊപ്പം ആരോഹണം ചെയ്യുകയും അവനോടൊപ്പം സ്വർഗീയങ്ങളിൽ ഇരിക്കുകയും ചെയ്യുന്നു (എഫെ. 2:6). ക്രിസ്തു വ്യക്തിനിഷ്ഠമായി നമ്മിലും വസ്തുനിഷ്ഠമായി സ്വർഗീയങ്ങളിലും ഉണ്ട്. ക്രിസ്തു നമ്മെ സ്വർഗീയങ്ങളിലേക്ക് കൊണ്ടുവന്നിരിക്കുന്നു, അവൻ സ്വർഗീയങ്ങളെ നമ്മിലേക്കും കൊണ്ടുവന്നിരിക്കുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിൽ നാം പങ്കുള്ളവരാണ് എന്ന വസ്തുത നാം മനസ്സിലാക്കുമ്പോൾ, നമുക്ക് വിശുദ്ധീകരണം മാത്രമല്ല, തേജസ്കരണവും അനുഭവമാകുന്നു. ആരോഹണത്തിൽ ആയിരിക്കുക എന്നാൽ തേജസ്കരണത്തിലായിരിക്കുക എന്നാണ്.

നീതി, വിശുദ്ധി, തേജസ്സ് എന്നിവയുടെ വ്യക്തിനിഷ്ഠമായ അനുഭവം

ദൈവത്തിന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവയുടെ വ്യക്തിനിഷ്ഠമായ അനുഭവം നമുക്ക് ആവശ്യമാണ്. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെടുക എന്നാൽ നീതി അനുഭവമാക്കുക എന്നാണ്, ക്രിസ്തു നമ്മിൽ ജീവിക്കുക എന്നാൽ വിശുദ്ധി അനുഭവമാക്കുക എന്നാണ്. അവന്റെ നീതിയും വിശുദ്ധിയും അനുസരിച്ച്, ത്രിയേക

ദൈവം അവന്റെ തേജസ്സിലേക്ക് പൂർണ്ണമായ രീതിയിൽ നമ്മിലേക്ക് പകരപ്പെടുന്നു. ഇതിനർത്ഥം ദൈവത്തിന്റെ പകർച്ചയുടെ ഫലം തേജസ്സാണെന്നാണ്. ആളുകൾ നമ്മെ ബന്ധപ്പെടുമ്പോഴോ നമ്മുടെ വീടുകൾ സന്ദർശിക്കുമ്പോഴോ, നാം ക്രിസ്തുവിനോടുകൂടെ മരിച്ചുവെന്നും ക്രിസ്തു നമ്മിൽ ജീവിക്കുന്നുവെന്നും അവർക്ക് സംവേദിക്കുവാൻ കഴിയണം. ഇതാണ് നമ്മുടെ സാഹചര്യം എങ്കിൽ, നാം ദൈവത്തിന്റെ നീതിയും വിശുദ്ധിയും, അവന്റെ തേജസ്സ് പോലും വെളിപ്പെടുത്തും.

ഈ പുസ്തകത്തിന്റെ ആഴങ്ങൾ നമുക്ക് തുറന്നു തന്നതിന് നാം കർത്താവിനെ എത്രമാത്രം സ്തുതിക്കുന്നു! റോമർ 3ലും 4ലും ക്രിസ്തു നമുക്കുവേണ്ടി മരിച്ചുവെന്നും, റോമർ 6ൽ നാം ക്രിസ്തുവിൽ മരിച്ചുവെന്നും നാം കാണുന്നു. ഈ മരണം ദൈവത്തിന്റെ നീതിക്കും അവന്റെ നീതിക്കും അനുസൃതമായിരുന്നു. റോമർ 6 മുതൽ 8 വരെയുള്ള വാക്യങ്ങളിൽ, പുനരുത്ഥാനം ചെയ്ത ക്രിസ്തു നമ്മുടെ ഉള്ളിൽ ജീവിക്കുകയും, പ്രവർത്തിക്കുകയും, ചലിക്കുകയും, വേല ചെയ്യുകയും ചെയ്യുന്നതിലൂടെ നാം വിശുദ്ധീകരിക്കപ്പെടുന്നതായി നാം കാണുന്നു. പുനരുത്ഥാനം ചെയ്ത ക്രിസ്തു നമ്മെ മുളപ്പിക്കുകയും ജനിപ്പിക്കുകയും ചെയ്തതിനു ശേഷം, അവൻ നമ്മെ വിശുദ്ധീകരിക്കുന്നു. വിശുദ്ധീകരണത്തിൽ രൂപാന്തരീകരണവും അനുരൂപീകരണവും ഉൾപ്പെടുന്നു. വിശുദ്ധീകരണത്തിന്റെ പ്രക്രിയ നമ്മുടെ ഉള്ളിൽ നടക്കുമ്പോൾ, നാം ദൈവത്തിന്റെ തേജസ്കരണത്തിന്റെ പ്രക്രിയ അനുഭവിമാക്കുവാൻ തുടങ്ങുന്നു. ത്രിയേക ദൈവം നമ്മിലേക്ക് പകരപ്പെടുന്നതിന്റെ ഫലം തേജസ്സാണ്. ക്രിസ്തുവിനോടൊപ്പം മരിച്ചുവെന്ന നിലപാട് നാം ദിവസവും സ്വീകരിക്കുകയാണെങ്കിൽ, നമുക്ക് നീതിയുടെ വ്യക്തിനിഷ്ഠമായ അനുഭവം ലഭിക്കും. ക്രിസ്തുവിനെ നമ്മിൽ ജീവിക്കുവാൻ നാം അനുവദിച്ചാൽ, നമുക്ക് വിശുദ്ധിയുടെ വ്യക്തിനിഷ്ഠമായ അനുഭവം ലഭിക്കും. ഫലം തേജസ്സായിരിക്കും, നമ്മുടെ ഉള്ളിൽ നിന്നുള്ള ദൈവത്തിന്റെ ആവിഷ്കാരമായ തേജസ്സായിരിക്കും.

ത്രിയേക ദൈവത്തിന്റെ പകർച്ചയുടെ ആത്യന്തിക ലക്ഷ്യം

നീതി ദൈവത്തിന്റെ നടപടിക്രമവും വിശുദ്ധി ദൈവത്തിന്റെ പ്രകൃതവും ആയിരിക്കുന്നതുപോലെ, തേജസ്സ് ദൈവത്തിന്റെ ആവിഷ്കാരമാണ്. ത്രിയേക ദൈവത്തിന്റെ പകർച്ചയുടെ ആത്യന്തിക ലക്ഷ്യം ക്രിസ്തുവിന്റെ ശരീരത്തിലൂടെ ദൈവം ആവിഷ്കരിക്കപ്പെടുക എന്നതാണ്. ക്രിസ്തുവിന്റെ ശരീരം ദൈവതേജസിന്റെ ആവിഷ്കാരമായി മാറുമ്പോൾ, അത് സമ്പൂർണ്ണമായ തേജസ്കരണത്തിന്റെ സമയമായിരിക്കും. റോമർ 8 വെളിപ്പെടുത്തുന്നതുപോലെ, പ്രപഞ്ചം ഈ സമയത്തേക്ക് ആകാംക്ഷയോടെ കാത്തിരിക്കുകയാണ്, ദൈവമക്കളുടെ തേജസിയിലേക്കുള്ള പ്രവേശനത്തിന്റെ സ്വാതന്ത്ര്യത്തിനായി ഉത്കണ്ഠാപൂർവം കാത്തിരിക്കുന്നു. ഈ തേജസ്സിൽ ദൈവം പൂർണ്ണമായ രീതിയിൽ ആവിഷ്കരിക്കപ്പെടും. ഇത് ത്രിയേക ദൈവത്തിന്റെ പകർച്ചയുടെ ആത്യന്തിക ഫലമായിരിക്കും.

ഇന്നത്തെ ഓരോ പ്രാദേശിക സഭയും ത്രിയേക ദൈവത്തിന്റെ അത്തരമൊരു തേജസ്സുറ്റെ ആവിഷ്കാരത്തിന്റെ ഒരു ചെറുപതിപ്പായിരിക്കണം. സഭകളിലുള്ള നമുക്ക് ഇങ്ങനെ പറയുവാൻ കഴിയണം, "സാത്താനേ, സഭയെ നോക്കുക. ഇവിടെ നിങ്ങൾക്ക് ദൈവത്തിന്റെ നീതി, വിശുദ്ധി, തേജസ്സ് എന്നിവ കാണുവാൻ കഴിയും." സാത്താൻ ഇത് കാണുമ്പോൾ, ഇത് ത്രിയേക ദൈവത്തിന്റെ പകർച്ചയുടെ ഫലമാണെന്ന് സമ്മതിക്കുവാൻ നിർബന്ധിതനാകും. നാമെല്ലാവരും ക്രിസ്തുവിൽ മരിച്ചതിനാൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ നീതിമാന്മാരായതിനാൽ, നമ്മെ കുറ്റപ്പെടുത്തുവാനോ നമ്മെ കുറ്റംവിധിക്കുവാനോ സാത്താന് ഒരു കാരണവുമില്ല. നമ്മെ വിശുദ്ധീകരിക്കാനും, നമ്മെ രൂപാന്തരപ്പെടുത്താനും, ക്രിസ്തുവിന്റെ സ്വരൂപവുമായി നമ്മെ അനുരൂപപ്പെടുത്താനും ക്രിസ്തു ഇപ്പോൾ നമ്മിൽ ജീവിക്കുന്നു. ഈ പ്രക്രിയയുടെ ഫലം തേജസ്സാണ്. ഇത് കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഓരോ സഭയും വഹിക്കുന്ന സാക്ഷ്യമാണ്. ഓരോ സഭയിലും ദൈവത്തിന്റെ നീതിയുടെ അടിത്തറയും, ദൈവത്തിന്റെ വിശുദ്ധിയുടെ പ്രക്രിയയും, ദൈവത്തിന്റെ തേജസിന്റെ ലക്ഷ്യവും ഉണ്ടായിരിക്കണം. റോമർക്കെഴുതിയ ലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നതുപോലെ, ഇത് ത്രിയേക ദൈവത്തെ അവന്റെ നീതിക്കനുസരിച്ച്, അവന്റെ വിശുദ്ധിയിലൂടെ, അവന്റെ തേജസ്സിങ്കലേക്ക് പകർന്നു നൽകുന്നതാണ്. (*Life-study of Romans, pp. 616-624*)

നമ്മുടെ സമ്പൂർണ്ണ ആളത്തത്തിലേക്ക് പകർന്നു നൽകപ്പെട്ട ത്രിയേക ദൈവത്തിന്റെ ജീവൻ

ഇനി നാം ത്രിഭാഗീയ മനുഷ്യനിലേക്ക് പകർന്നു നൽകപ്പെട്ട ത്രിയേക ദൈവത്തിന്റെ ജീവൻ എന്ന വിലയേറിയ കാര്യത്തിലേക്ക് വരുന്നു. ദൈവം ത്രിയേകനാണെന്നതും നമ്മൾ ത്രിഭാഗീയരാണെന്നതും എത്ര അത്ഭുതകരമാണ് !

റോമർ 8:2 ത്രിയേക ദൈവത്തിന്റെ ജീവനെക്കുറിച്ച് സംസാരിക്കുന്നു. വാക്യം 10 വെളിപ്പെടുത്തുന്നത് ഈ ജീവൻ നമ്മുടെ ആത്മാവിലേക്ക് പകരപ്പെട്ടിരിക്കുന്നുവെന്നും നമ്മുടെ ആത്മാവിനെ ജീവനാക്കിത്തീർത്തിരിക്കുന്നു എന്നുമാണ്. കൂടാതെ, വാക്യം 6 അനുസരിച്ച്, ഈ ജീവൻ നമ്മുടെ മനസ്സിലേക്ക് പകരപ്പെടുകയും, നമ്മുടെ മനസ്സിനെയും ജീവനാക്കാൻ കഴിയുകയും ചെയ്യും. ആത്യന്തികമായി, വാക്യം 11 വെളിപ്പെടുത്തുന്നതുപോലെ, ദിവ്യജീവൻ നമ്മുടെ മർത്യശരീരത്തിലേക്ക് പോലും പകരപ്പെടുവാൻ കഴിയും. ഈ വാക്യങ്ങളിൽ മനുഷ്യന്റെ മൂന്ന് ഭാഗങ്ങൾ നാം കാണുന്നു: ആത്മാവ്, ദേഹി (മനസ്സിനെ പ്രതിനിധീകരിക്കുന്നു), ദേഹം. ആത്മാവ് കേന്ദ്രമാണ്, ശരീരം ചുറ്റളവാണ്, മനസ്സ് അതിനിടയിലാണ്. കേന്ദ്രത്തിൽ നിന്ന് മധ്യത്തിലൂടെ ചുറ്റളവിലേക്ക്, ത്രിയേക ദൈവത്തിന്റെ ജീവൻ നമ്മുടെ മുഴുവൻ ആളത്തത്തിലേക്കും വിതരണം ചെയ്യപ്പെടുന്നു.

നമ്മിലേക്ക് പകരപ്പെട്ട ജീവൻ

മനുഷ്യന്റെ മൂന്ന് ഭാഗങ്ങളിലേക്ക് പകരപ്പെടേണ്ട ജീവൻ ത്രിയേക ദൈവത്തിന്റെ ജീവനാണ്. 8:2-ൽ പൗലൊസ് ക്രിസ്തുയേശുവിലുള്ള ജീവന്റെ ആത്മാവിനെ കുറിച്ച്

സംസാരിക്കുന്നു. ഈ വാക്യത്തിൽ ത്രിയേക ദൈവത്തെ ആന്തരർഥമായ നിലയിൽ സൂചിപ്പിച്ചിരിക്കുന്നു. ആത്മാവിനെയും പുത്രനായ ക്രിസ്തുവിനെയും വ്യക്തമായി പരാമർശിക്കുന്നു, അതേസമയം പിതാവായ ദൈവത്തെ, ആത്മാവ് ദൈവത്തിന്റെ ആത്മാവാണെന്ന വസ്തുതയിലൂടെ ആന്തരർഥമായ നിലയിൽ സൂചിപ്പിക്കുന്നു. അതിനാൽ, ഇവിടെ നമുക്ക് ദൈവവും ക്രിസ്തുവും ആത്മാവുമുണ്ട്. എന്നിരുന്നാലും, പ്രധാന കാര്യം ത്രിയേക ദൈവമല്ല, ജീവനാണ്. ജീവന്റെ ആത്മാവിനെക്കുറിച്ച് പറയുക എന്നാൽ യഥാർഥത്തിൽ ആത്മാവ് ജീവനാണെന്ന് പറയുക എന്നാണ്. ഇവിടുത്തെ ജീവൻ ത്രിയേക ദൈവത്തിന്റെ അതേ ജീവൻ തന്നെയാണ്.

നാം വീണ്ടുംജനിച്ചപ്പോൾ, നമുക്ക് മറ്റൊരു ജീവൻ, നമ്മുടെ സ്വാഭാവിക ജീവനു പുറമേ മറ്റൊരു ജീവൻ നമുക്ക് ലഭിച്ചു. ജീവൻ വിവിധതരത്തിലുണ്ട്: സസ്യജീവൻ, ജന്തുജീവൻ, മനുഷ്യജീവൻ, ദിവ്യജീവൻ. മനുഷ്യരെന്ന നിലയിൽ, നമുക്കെല്ലാവർക്കും ഒരു ശാരീരിക ജീവനും ഒരു മാനസിക ജീവനുമുണ്ട്. ശാരീരിക ജീവനെയും മാനസിക ജീവനെയും *ബയോസ് സൂകി* എന്നീ രണ്ട് ഗ്രീക്ക് പദങ്ങളാൽ സൂചിപ്പിക്കപ്പെടുന്നു. എന്നിരുന്നാലും, റോമർ 8-ൽ ജീവനെക്കുറിച്ച് പറയുമ്പോൾ, പൗലൊസ് മറ്റൊരു ഗ്രീക്ക് പദമായ *സോയെ എന്ന പദം ഉപയോഗിക്കുന്നു* ബൈബിളിൽ *സോയെ എന്നത്* ദൈവത്തിന്റെ ജീവനെ, ദിവ്യമായ, അനന്തമായ, സൃഷ്ടിക്കപ്പെടാത്ത, നിത്യജീവനെ സൂചിപ്പിക്കുന്നു. ഇത് കർത്താവായ യേശുവിൽ വിശ്വസിക്കുന്നതിലൂടെ നമുക്ക് ലഭിക്കുന്ന ജീവനാണ്. യോഹന്നാൻ 3:36 പറയുന്നതുപോലെ, "പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്." റോമർ 8-ലെ 2, 6, 10, 11 വാക്യങ്ങളിൽ, ദൈവത്തിന്റെ പകർച്ച എന്നത് നമ്മുടെ ആളത്തത്തിലേക്ക് സോയെ പകരുന്നതാണ് എന്ന് സൂചിപ്പിക്കാൻ, പൗലൊസ് ജീവന്റെ ഈ ഗ്രീക്ക് പദത്തെ ഉപയോഗിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മനുഷ്യന്റെ ആളത്തത്തിന്റെ മൂന്ന് ഭാഗങ്ങളിലേക്കും സോയെ ആയി തന്നെത്തന്നെ പകർന്നു നൽകുവാൻ ദൈവം ആഗ്രഹിക്കുന്നു.

ദിവ്യമായ സോയെ നമ്മിലേക്ക് പകർന്നു നൽകുവാൻ തുടങ്ങിയത് നാം വീണ്ടുംജനിച്ചപ്പോഴാണ്. 8:2 അനുസരിച്ച്, ഈ ജീവൻ ആത്മാവാണ്, അത് ക്രിസ്തുയേശുവിലുണ്ട്. എന്നാൽ ഇപ്പോൾ, ദൈവത്തിന്റെ പകർച്ചയിലൂടെ, അതിന് നാമുമായും എന്തോ ബന്ധമുണ്ട്. ഈ ജീവനെകൂടാതെ നാം നശിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. നാം വീണ്ടും ജനിച്ചപ്പോൾ, സോയെ നമ്മുടെ ആത്മാവിലേക്ക് പകരപ്പെട്ടതിനായി കർത്താവിന് സ്തുതി!

ഒരു നീണ്ട പ്രക്രിയ

ദിവ്യജീവൻ നമ്മിലേക്ക് വിതരണം ചെയ്യപ്പെടണമെങ്കിൽ, ഈ ജീവൻ ആദ്യം ജഡാവതാരം, മനുഷ്യജീവിതം, ക്രൂശ്മരണം, അടക്കം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, അവരോഹണം എന്നിവ ഉൾപ്പെടുന്ന ഒരു നീണ്ട പ്രക്രിയയിലൂടെ കടന്നുപോകണമായിരുന്നു. നമ്മിലേക്ക് പകരപ്പെട്ട ജീവൻ യഥാർഥത്തിൽ പ്രക്രിയാവിധേയനായ ത്രിയേക ദൈവമാണ്. ഉല്പത്തി 1:1-ൽ ഈ ജീവനെ

മനുഷ്യനിലേക്ക് പകരുവാൻ കഴിഞ്ഞില്ല, കാരണം അത് ഇതുവരെ ആവശ്യമായ ഘട്ടങ്ങളിലൂടെ കടന്നുപോയിരുന്നില്ല. എന്നാൽ ഇപ്പോൾ അത്തരമൊരു അത്ഭുതകരമായ ജീവൻ നമ്മിലേക്ക് പകരപ്പെടുന്നത് പൂർണ്ണമായും സാധ്യമാണ്. ഈ ജീവൻ സന്നിഹിതവും ലഭ്യവുമാണ്, ലളിതമായി കർത്താവായ യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിലൂടെ നമുക്ക് അത് സ്വീകരിക്കാൻ കഴിയുകയും ചെയ്യും.

നമ്മുടെ ആത്മാവ് ജീവനാകുന്നു

റോമർ 8:10 പറയുന്നു, "എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു." ഈ വാക്യത്തിലെ ആത്മാവ് പരിശുദ്ധാത്മാവല്ലെന്ന് തെളിയിക്കുന്നത് ഇവിടെ പൗലൊസ് ശരീരത്തെയും ആത്മാവിനെയും താരതമ്യം ചെയ്യുന്നു എന്നതിലൂടെയാണ്. ശരീരം മരിച്ചുവെന്നും ആത്മാവ് ജീവനാണെന്നും പൗലൊസ് പറയുന്നു. ആത്മാവ് ജീവിക്കുന്നുവെന്ന് അദ്ദേഹം പറയുമെന്ന് നാം പ്രതീക്ഷിച്ചേക്കാം. പകരം, ആത്മാവ് ജീവനാണെന്ന് അദ്ദേഹം പറയുന്നു, അല്ലെങ്കിൽ സോയെ ആണെന്ന് പറയുന്നു. കർത്താവായ യേശുവിന്റെ നാമം നാം വിളിച്ചപേക്ഷിക്കുമ്പോൾ, ഈ സോയെ നമ്മുടെ ആത്മാവിലേക്ക് പ്രവേശിക്കുകയും നമ്മുടെ ആത്മാവിനെ സോയെ ആയിത്തീരുവാൻ ഇടയാക്കുകയും ചെയ്യുന്നു. ഇപ്പോൾ ത്രിയേക ദൈവം മാത്രമല്ല, നമ്മുടെ ആത്മാവും ജീവനാണ്.

ഇത് നാം കാണുകയാണെങ്കിൽ, നമ്മുടെ ആത്മാവ് ജീവനാണെന്ന് മുഴുവൻ പ്രപഞ്ചത്തോടും, പ്രത്യേകിച്ച് സാത്താനോടും പ്രഖ്യാപിക്കുവാനുള്ള ധൈര്യം നമുക്കുണ്ടാകും. നമ്മുടെ ആളത്തത്തിന്റെ ഒരു ഭാഗമെങ്കിലും, നമ്മുടെ ആത്മാവ്, സോയെ ആണെന്ന് നാം പ്രഖ്യാപിക്കും. ഓ, നമുക്കെല്ലാവർക്കും ഈ വെളിപാട് എത്ര ആവശ്യമാണ്! നാം രക്ഷിക്കപ്പെടുകയും വീണ്ടും ജനിക്കുകയും ചെയ്തിരിക്കുന്നുവെന്ന് മാത്രമല്ല, നമ്മുടെ ആളത്തത്തിന്റെ ഏറ്റവും ആന്തരിക ഭാഗം ജീവനായി മാറിയിരിക്കുന്നുവെന്നും നമുക്ക് കാണാൻ കഴിയട്ടെ.

നമ്മുടെ ആത്മാവ് സോയെ ആണെന്ന് അറിയുന്നത് നമ്മുടെ ദൈനംദിന ജീവിതത്തിൽ നമുക്ക് വലിയൊരു സഹായമായിരിക്കും. കോപിക്കുവാൻ നിങ്ങൾ പ്രലോഭിപ്പിക്കപ്പെടുമ്പോൾ, നിങ്ങളുടെ കോപത്തെ അടിച്ചമർത്തരുത്. പകരം, "എന്റെ ആത്മാവ് സോയെ ആണ്!" എന്ന് പ്രഖ്യാപിക്കുക. അതുപോലെ, നിങ്ങളുടെ ഭാര്യയോ ഭർത്താവോ നിങ്ങളെ വിമിർശിക്കുന്നു എങ്കിൽ, വാദിക്കരുത്, മറിച്ച് നിങ്ങളെ ശല്യപ്പെടുത്തുന്നയാളോട് നിങ്ങളുടെ ആത്മാവ് സോയെ ആണെന്ന് പറയുക. ഇത് പറയുന്നത് സാത്താന്റെ പ്രലോഭനങ്ങളെ ചെറുക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു. കർത്താവിനെ സ്തുതിക്കുക, നമ്മുടെ ആത്മാവ് സോയെ ആണ്!

എനിക്ക് ഇത്രയധികം ഉന്മേഷവും ഊർജ്ജസ്വലതയും ഉണ്ടാകാൻ കാരണം എന്റെ ആത്മാവ് സോയെ ആയതുകൊണ്ടാണ്. എന്നിരുന്നാലും, ഞാൻ വർഷങ്ങളോളം

സംഘടിത ക്രിസ്തുമതത്തിൽ ചെലവഴിച്ചു, എന്നാൽ എന്റെ ആത്മാവ് സോയെ ആണെന്ന് ആരും എന്നോട് പറഞ്ഞില്ല. വിവിധ മതപരമായ ആചാരങ്ങളിൽ എനിക്ക് പരിശീലനം ലഭിച്ചിരുന്നു, പക്ഷേ എന്റെ ആത്മാവ് ജീവനാണെന്ന് എനിക്ക് പറഞ്ഞുതന്നില്ല. എന്നാൽ ഇപ്പോൾ ദിവ്യ സോയെ എന്റെ ആത്മാവിലേക്ക്, എന്റെ ആളത്തത്തിന്റെ കേന്ദ്രത്തിലേക്ക് പകരപ്പെട്ടിട്ടുണ്ടെന്ന് എനിക്കറിയാം. ഇപ്പോൾ എന്റെ ആത്മാവ് സോയെ ആയി മാറിയെന്ന് എനിക്കറിയാം!

ഉജ്ജ്വലമായ നന്മകളല്ല, പിന്നെയോ ജീവനായ ത്രിയേക ദൈവം

കൺഫ്യൂഷ്യസ് ഒരു മഹാനായ ധാർമ്മിക തത്ത്വചിന്തകനായിരുന്നു, അദ്ദേഹം തന്റെ ശിഷ്യന്മാരെ ആന്തരികമായ ഉജ്ജ്വലമായ നന്മ എന്ന് താൻ വിളിച്ചതിനെ വികസിപ്പിക്കുവാൻ പഠിപ്പിച്ചു. ഉജ്ജ്വലമായ നന്മ എന്ന് അദ്ദേഹം വിളിച്ചത് യഥാർഥത്തിൽ മനസ്സാക്ഷിയെയാണ്. കൺഫ്യൂഷ്യസിന്റെ ശിഷ്യന്മാർക്ക് ഉജ്ജ്വലമായ ഒരു നന്മ ഉണ്ടായിരിക്കാം, പക്ഷേ നമുക്ക് ദിവ്യ ജീവനുണ്ട്. വാസ്തവത്തിൽ, ദിവ്യനായവൻ തന്നെ നമ്മുടെ ജീവനാകുവാൻ നമ്മിലേക്ക് വന്നിരിക്കുന്നു. ഉജ്ജ്വലമായ നന്മയും ദിവ്യ ജീവനെന്ന നിലയിൽ ത്രിയേക ദൈവവും തമ്മിൽ ഒരു താരതമ്യവുമില്ല.

നമ്മുടെ ആത്മാവ് ജീവനാണെന്ന് നാം മനസ്സിലാക്കിയതിനാൽ, ചൈനയിലെ നിരവധി തത്ത്വചിന്താ അധ്യാപകരെ കർത്താവായ യേശുവിൽ വിശ്വസിക്കുവാനായി ബോധ്യപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞു. ഉള്ളിലെ ഉജ്ജ്വലമായ നന്മയെ എങ്ങനെ വികസിപ്പിക്കാമെന്ന് തങ്ങൾക്ക് അറിയാമെന്ന് അവർ വീമ്പിളക്കി. കുറച്ചുനേരം അവരെ ശ്രദ്ധിച്ച ശേഷം, നമുക്കുള്ളതിനെ അപേക്ഷിച്ച് അവർക്ക് ഉള്ളത് ഒന്നുമല്ലെന്ന് ഞങ്ങൾ അവരോട് പറയുമായിരുന്നു. അവരിൽ ചിലർ വളരെ ആശ്ചര്യപ്പെടുകയും ഇതിനെക്കുറിച്ച് സത്യസന്ധമായി അന്വേഷിക്കുകയും ചെയ്തു. ക്രിസ്ത്യാനികളെന്ന നിലയിൽ, നമ്മുടെ ജീവനായി ത്രിയേക ദൈവം നമ്മിലുണ്ടെന്ന് ഞങ്ങൾ വിശദീകരിച്ചു. അവർക്കുള്ളത് ഒരു ഉജ്ജ്വലമായ നന്മയായിരിക്കാം, ദൈവം സൃഷ്ടിച്ച ഒന്നായിരിക്കാം, പക്ഷേ നമുക്കുള്ളത് ഈ ഉജ്ജ്വലമായ നന്മയുടെ സ്രഷ്ടാവാണെന്ന് ഞങ്ങൾ അവരോട് പറഞ്ഞു. ഈ സ്രഷ്ടാവ് ജഡാവതാരത്തിലൂടെയും മനുഷ്യജീവിതത്തിലൂടെയും ക്രൂശ്മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും കടന്നുപോയിട്ടുണ്ടെന്ന് കാണുവാൻ ഞങ്ങൾ അവരെ സഹായിച്ചു. ഇപ്പോൾ അവൻ സ്വർഗ്ഗാരോഹണത്തിലും അവന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏതൊരാൾക്കും ലഭ്യനുമാണ്. അത്തരമൊരു സാക്ഷ്യത്തിന്റെ ഫലമായി, ആ തത്ത്വചിന്താ അധ്യാപകരിൽ പലരും കർത്താവിനോട് മനസ്സുതുറന്നു, അവന്റെ നാമം വിളിച്ചപേക്ഷിച്ചു, അവനെ അവരുടെ ജീവനായി സ്വീകരിച്ചു. അപ്പോൾ അവർ തന്നെ ഉജ്ജ്വലമായ നന്മയുടെയും ദിവ്യജീവന്റെയും ഇടയിലുള്ള വ്യത്യാസത്തെക്കുറിച്ച് സാക്ഷ്യപ്പെടുത്തി. ഈ വിധത്തിൽ ഉയർന്ന തലത്തിൽ സുവിശേഷം പ്രസംഗിച്ചുകൊണ്ട്, ഞങ്ങൾ ധാരാളം പ്രൊഫസർമാരെയും

ഡോക്ടർമാരെയും നഴ്സുമാരെയും അഭിഭാഷകരെയും കർത്താവിലേക്ക് കൊണ്ടുവന്നു.

നമ്മുടെ മനസ്സ് ജീവനായിത്തീരുന്നു

ക്രിസ്തു നമ്മിൽ നിവസിക്കുന്നതിനാൽ നമ്മുടെ ആത്മാവ് ജീവനായി മാറിയിരിക്കുന്നു എന്ന വസ്തുത നാം ഊന്നിപ്പറഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ ആത്മാവിനെയും ശരീരത്തെയും സംബന്ധിച്ചെന്താണ് കാരണം? 6-ാം വാക്യം പരിഗണിക്കുക: "ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണമാണ്, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവുമാണ്." ഇവിടെ നമ്മുടെ മനസ്സും സോയ ആകാം എന്ന് നാം കാണുന്നു. നമ്മുടെ മനസ്സ് ആത്മാവിൽ ഉറപ്പിക്കുമ്പോൾ, നമ്മുടെ ആത്മാവിനെ പ്രതിനിധീകരിക്കുന്ന നമ്മുടെ മനസ്സ് സോയെയായി മാറുന്നു. ഉജ്ജ്വലമായ നന്മയെ വളർത്തിയെടുക്കാൻ കൺഫ്യൂഷ്യസിന്റെ മാർഗം പിന്തുടരേണ്ടതില്ല. പകരം, നാം നമ്മുടെ മനസ്സിനെ ആത്മാവിൽ ഉറപ്പിക്കുക, അപ്പോൾ നമ്മുടെ മനസ്സ് സോയെയായി മാറുന്നു. ഇത് നമ്മുടെ ദേഹിയിലേക്ക് ദിവ്യജീവനെ പകർന്നു നൽകുന്നതാണ്.

നമ്മുടെ ദൈനംദിന ജീവിതത്തിൽ, നമ്മുടെ മനസ്സിനെ ആത്മാവിലേക്ക് തിരിക്കുന്നത് നാം പരിശീലിക്കേണ്ടതുണ്ട്. നിങ്ങൾ പരദൂഷണം പറയുവാൻ പോകുകയാണോ? നിങ്ങളുടെ മനസ്സിനെ ആത്മാവിലേക്ക് തിരിക്കുക. നിങ്ങളുടെ കോപിക്കുവാൻ പ്രലോഭിപ്പിക്കപ്പെടുന്നുണ്ടോ? നിങ്ങളുടെ മനസ്സിനെ ആത്മാവിലേക്ക് തിരിക്കുക. ധാർമ്മികവും മതപരവുമായ ഉപദേശങ്ങൾ ഉപേക്ഷിച്ച് ദൈവത്തിന്റെ ജീവനുള്ള വചനത്തിലേക്ക് മടങ്ങുക, അത് നമ്മുടെ ആത്മാവിനെ ജീവനാക്കുവാൻ, ത്രിയേക ദൈവത്തിന്റെ ജീവൻ നമ്മുടെ ആത്മാവിലേക്ക് പകർന്നു നൽകുകയും, ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനാണെന്നും വെളിപ്പെടുത്തുന്നു. ഉജ്ജ്വലമായ നന്മ, ധാർമ്മികത, സദാചാരസംഹിത എന്നിവയേക്കാൾ ഉയർന്ന ഒന്ന് നമുക്കുണ്ട് — ത്രിയേക ദൈവം നമ്മിലേക്ക് പകർന്നു നൽകപ്പെട്ടിരിക്കുന്നു. ഇതിനോട് എന്തിനെ താരതമ്യം ചെയ്യുവാൻ കഴിയും? ഇത് തത്ത്വചിന്തയോ മതപരമായ ഉപദേശമോ അല്ല. നമ്മുടെ ആത്മാവിലേക്കും മനസ്സിലേക്കും പകർന്നു നൽകപ്പെടുന്ന സോയെ ജീവനാണ്.

നമ്മുടെ മർത്യശരീരങ്ങളിലേക്ക് ജീവൻ പകരപ്പെടുന്നു

11-ാം വാക്യം ദൈവത്തിന്റെ പകർച്ചയെക്കുറിച്ച് ഇതിലും അധികം വെളിപ്പെടുത്തുന്നു. ഇവിടെ പൗലൊസ് പറയുന്നു, "യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും." ഈ വാക്യത്തിന്റെ പരോക്ഷതയിൽ ഞാൻ അത്ഭുതപ്പെടുന്നു. ആത്മാവിലൂടെ നമ്മുടെ മർത്യശരീരങ്ങളിലേക്ക് സോയെ പകരപ്പെടുവാൻ കഴിയുമെന്ന് ഈ വാക്യം വെളിപ്പെടുത്തുന്നു. അതിനാൽ, നമ്മുടെ ആത്മാവും മനസ്സും മാത്രമല്ല സോയെ, നമ്മുടെ ശരീരത്തിന് പോലും സോയെയാൽ നിറയപ്പെടുവാൻ കഴിയും.

ദർശനം കാണുന്നത്

നമ്മുടെ ആളത്തത്തിന്റെ മൂന്ന് ഭാഗങ്ങളിലേക്ക് ത്രിയേക ദൈവത്തിന്റെ ജീവൻ വിതരണം ചെയ്യുന്നതിന്റെ ദർശനം നാമെല്ലാവരും കാണേണ്ടതുണ്ട്. ഈ ദിവ്യ ദർശനം നാം കണ്ടാൽ, ധാർമ്മികതയെയും സന്മാർഗികതെയും കുറിച്ചുള്ള നമ്മുടെ സ്വാഭാവിക ആശയം തകർന്നുപോകും. നാം കർത്താവിനോട് ഇപ്രകാരം പറയേണ്ടതുണ്ട്, "കർത്താവേ, ഞാൻ നിനക്കു നന്ദി പറയുന്നു. നീ എന്നിലേക്ക് വന്നതുമുതൽ, എന്റെ ആത്മാവ് ജീവനായി മാറിയിരിക്കുന്നു. ഇപ്പോൾ ഞാൻ എന്റെ മനസ്സ് എന്റെ ആത്മാവിൽ ഉറപ്പിച്ചാൽ, എന്റെ മനസ്സും ജീവനായിത്തീരും. കർത്താവേ, ഞാൻ നിന്നെ എത്രയധികം സ്തുതിക്കുന്നു! നിന്റെ നിവസിക്കുന്ന ആത്മാവിനാൽ, എന്റെ മർത്യശരീരത്തിലേക്കുപോലും നിന്റെ സോയെ ജീവൻ പകരപ്പെടുവാൻ കഴിയും. കർത്താവേ, ഇതിനായി ഞാൻ നിന്നെ ആരാധിക്കുന്നു, ഞാൻ ഇത് ആസ്വദിക്കുന്നു, ഈ പകർച്ചയിൽ ഞാൻ നിന്നോടൊപ്പം ഒന്നാണ്." ഇത് ത്രിയേക ദൈവത്തിന്റെ ജീവൻ ത്രിഭാഗീയ മനുഷ്യനിലേക്ക് പകരപ്പെടുന്നതാണ്. അത്തരമൊരു പകർച്ചയിലൂടെ, ത്രിയേക ദൈവം ത്രിഭാഗീയ മനുഷ്യനുമായി ഒന്നായിത്തീരുന്നു, ത്രിഭാഗീയ മനുഷ്യൻ ത്രിയേക ദൈവവുമായി ഒന്നായിത്തീരുന്നു. ദിവ്യജീവന്റെ ഈ പകർച്ചയിലൂടെയാണ് നാം ദൈവത്തിന്റെ പുത്രന്മാരാകുന്നത്. കൂടാതെ, ഈ പകർച്ചയിലൂടെയാണ് നാം രൂപാന്തരപ്പെടുകയും ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപരാകുകയും ചെയ്യുന്നത്. ഇതാണ് ക്രിസ്തീയ ജീവിതവും സഭാ ജീവിതവും.

ജീവന്റെ മനുഷ്യർ

മതപരവും ധാർമ്മികവും തത്ത്വചിന്താപരവുമായ ഉപദേശങ്ങളിൽ നിന്ന് നമുക്ക് തിരിഞ്ഞു ദൈവത്തിന്റെ വ്യവസ്ഥയെക്കുറിച്ചുള്ള വിശുദ്ധ വചനത്തിലെ ലളിതവും എന്നാൽ ആഴമേറിയതുമായ വെളിപാടുകളിലേക്ക് മടങ്ങാം. നമ്മുടെ ദൈവം ജഡാവതാരം, ക്രൂശുമരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നിവയിലൂടെ കടന്നുപോയ ത്രിയേക ദൈവമാണ്. ഇപ്പോൾ അവൻ നമ്മുടെ പങ്കാളിത്തത്തിനും അനുഭവത്തിനും ആസ്വാദനത്തിനുമായി ദിവ്യ സോയെയാകാൻ സർവവും ഉൾക്കൊള്ളുന്ന ആത്മാവാണ്. ആദ്യം, അവൻ നമ്മുടെ ആളത്തത്തിന്റെ കേന്ദ്രമായ നമ്മുടെ ആത്മാവിലേക്ക് തന്നെത്തന്നെ പകരുന്നു. കേന്ദ്രത്തിൽ നിന്ന് അവൻ നമ്മുടെ മനസ്സിലേക്ക് വ്യാപിക്കുകയും അതിനെ സോയെകൊണ്ട് സാന്ദ്രീകരിക്കുകയും ചെയ്യുന്നു. പിന്നെ അവൻ നമ്മുടെ മർത്യശരീരത്തിലേക്ക് വികസിക്കുകയും അതുവഴി നമ്മുടെ മുഴുവൻ ആളത്തത്തെയും സോയെയാക്കുകയും ചെയ്യുന്നു. ഈ രീതിയിൽ നാം സോയെ മനുഷ്യരാകുന്നു. ഹാലേലൂയാ, നാം മതത്തിന്റെയോ ധാർമ്മികതയുടെയോ സന്മാർഗികതയുടെയോ മനുഷ്യരല്ല — നാം ജീവന്റെ മനുഷ്യരാണ്! (*Life-study of Romans, pp. 628-632*)

Handout for Message Eight :

ത്രിയേക ദൈവത്തിന്റെ ഉൽകൃഷ്ടസൃഷ്ടി—എഫെ 2:10, 15; 3:10-11
ഏക പുതുമനുഷ്യൻ—ദൈവത്തിന്റെ ഒരു പുതിയ കണ്ടുപിടുത്തം

I) പ്രകിയാവിധേയനായ സോയി:
ഉൽപ്പ 2:9
യോഹ 1:4a
14:6a
10:10b
12:24
ലൂക്കൊ 12:49-50
1 കൊരി 15:45b
കൊലൊ 3:4
2 കൊരി 4:10-12

II) സോയിയെ പകരുന്നത്:
റോമ 8:2
8:10
8:6
8:11

III) സോയിയുടെ ആസ്വാദനം—റോമ 8:6:
–സദ്യ 4:18; യോഹ 21:15, 17
–2 കൊരി 3:6; യോഹ 3:34; 6:63
–റോമ 6:4; 5:10, 17, 21
–യെഹെ 1:22, 26; വെളി 22:1



IV) നീതിയുടെയും, വിശുദ്ധിയുടെയും, തേജസ്സിന്റെയും ഒരു മഴവില്ലെന്നപോലെ നാം പുതിയ യെരുശലേമായി മാറുന്നു—
യെഹെ 1:26-28; വെളി 21:19-20:
1) നീല - നീലക്കല്ലിന്റെ സിംഹാസനം = ദൈവത്തിന്റെ നീതി
2) ചുവപ്പ് - തീയുടെ നിറം = ദൈവത്തിന്റെ വിശുദ്ധി
3) മഞ്ഞ - ശുക്ല്സ്വർണ്ണത്തിന്റെ നിറം = ദൈവത്തിന്റെ തേജസ്സ്

ഇവയെല്ലാം ഇതിന് തുല്യമാകുന്നു:
1 കൊരി 1:30,
എഫെ 3:10-11,
5:25-27